# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P1/1276/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/07/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P1/1276/2022 തീയ്യതി: 23/07/2022

## കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-01-2022 മുതൽ 29-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്ന സിംങ് | ഡെപ്യൂട്ടി ഡയറക്ടർ | 30-06-2022 | 07-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 30-06-2022 | 07-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. സതീഷ് കുമാർ. സി.പി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.യശോദ തെങ്ങിട | പ്രസിഡന്റ് | 01-04-2020 | 02-11-2020 |
| ശ്രീ.ടി.പി.ദാമോദരൻ | പ്രസിഡന്റ് | 26-12-2020 | 31-03-2021 |
| ശ്രീ.ഷിജു.എൽ.എൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഷബീന.കെ.പി | അസി. സെക്രട്ടറി | 01-04-2020 | 25-06-2020 |
| ശ്രീ. ഷിബിൻ കെ.കെ | അസി. സെക്രട്ടറി | 26-06-2020 | 31-03-2021 |
| ശ്രീമതി. രെഞ്ചു സുരേന്ദ്രൻ | അസി. എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഷെൽജ.എ.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡോ. ദീപ്തി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. അഷിത.എ.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ. മുരളീധരൻ.ഇ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. ഗ്രേഷ്യൻ.പി.ടി | വി.ഇ.ഒ | 01-04-2020 | 03-11-2020 |
| ശ്രീ. പ്രതീഷ് | വി.ഇ.ഒ | 04-11-2020 | 31-03-2021 |
| ശ്രീമതി. ലജന. എം.എം | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. ജെസിതാ റഹ്മാൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഡോ.ദീപ്തി. ജി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 07-05-2020 |
| ശ്രീമതി. ജാസ്മിൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 08-05-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. ഡോ.സൂബീഷ്.പി.എം | വെറ്ററിനറി സർജൻ | 01-04-2020 | 14-09-2020 |
| ശ്രീമതി. ഡോ. ഫമിദ വി | വെറ്ററിനറി സർജൻ | 15-09-2020 | 16-10-2020 |
| ശ്രീമതി. ഡോ. സക്കിയ ടി | വെറ്ററിനറി സർജൻ | 16-10-2020 | 24-11-2020 |
| ശ്രീ. ഡോ.ബിനീഷ്. പി.പി | വെറ്ററിനറി സർജൻ | 24-11-2020 | 31-03-2021 |
| ശ്രീമതി. രാജലക്ഷ്മി.എ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-1 |
| 2 | വാർഷിക കണക്ക് അപാകതകൾ<br>Written By: SathishKumar C P (Asst. Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: SathishKumar C P (Asst. Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല.<br>Written By: Sreeja Thekkan (Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-8 |
| 9 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-9 |
| 10 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-10 |
| 11 | വസ്തുനികുതി ഈടാക്കിയതിലെ അപാകത<br>Written By: RENSY. E (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-11 |
| 12 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല<br>Written By: RENSY. E (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-12 |
| 13 | കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല<br>Written By: RENSY. E (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-13 |
| 14 | കെട്ടിട നമ്പർ ലഭിച്ചതിനു ശേഷം കെട്ടിടത്തിന്റെ ഘടനയ്ക്ക് മാറ്റം വരുത്തി<br>Written By: RENSY. E (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-14 |
| 15 | 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി നിരക്ക് ഉറപ്പ് വരുത്തുന്നില്ല.<br>Written By: RENSY. E (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-15 |
| 16 | ചെക്ക് പണമായി മാറുന്നതിൽ കാലതാമസം<br>Written By: RENSY. E (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-16 |
| 17 | സഞ്ചയ സോഫ്റ്റ് വെയറിൽ റദ്ദാക്കിയ രസീതുകൾ പ്രകാരം തുക | 1-17 |

| | | |
|---|---|---|
| | പിരിച്ചെടുത്തതായി രേഖപ്പെടുത്തുന്നു.<br>Written By: RENSY. E (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | |
| 18 | മത്സ്യമാർക്കറ്റ് ലേലം കൊണ്ടയാളുമായി കരാറിലേർപ്പെടുന്നില്ല<br>Written By: RENSY. E (Auditor, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-18 |
| 19 | പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-19 |
| 20 | പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-20 |
| 21 | വൃദ്ധസദനം നവീകരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-21 |
| 22 | എസ്.എസ്.എ.വിഹിതം അടവാക്കൽ- പ്രൊജക്ട് പ്രകാരം പരിമിതമായ തുക മാത്രം അടവാ ക്കുന്നതും അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ലാത്തതും സംബന്ധിച്ച്<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-22 |
| 23 | അങ്കണവാടി മോഡണൈസേഷൻ- പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-23 |
| 24 | ആയുർവേദ ആശുപത്രിക്ക് ISO സർട്ടിഫിക്കേഷൻ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-24 |
| 25 | കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്ക് തുക വകയിരുത്തൽ-വിനിയോഗ വിവരം ,ചെലവുരേഖകൾ എന്നിവ ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-25 |
| 26 | അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റ് വിതരണം-സർക്കാർ മാർഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു.<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-26 |
| 27 | തനതുഫണ്ട് ചെലവുകൾ:എല്ലാരേഖകളും അപ് ലോഡ് ചെയ്തില്ല<br>Written By: SathishKumar C P (Asst. Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-27 |
| 28 | ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭ്യമായ തുകയിൽ 3695503രൂപ പ്രൊജക്ടുകൾ പോലും ആവിഷ്ക്കരിക്കാതെ നഷ്ടമായി.<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-28 |
| 29 | മത്സ്യ സംരക്ഷണ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയില്ല<br>Written By: Sreeja Thekkan (Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-29 |
| 30 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- ഗുണനിലവാരം കുറഞ്ഞ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-30 |

| | | |
|---|---|---|
| 31 | വെറ്ററിനറി സർജൻ -തൻവർഷം ആവിഷ്കരിച്ച പ്രൊജക്ടുകളിൽ ഭൂരിഭാഗവും നടപ്പിലാക്കിയില്ല<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-31 |
| 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-32 |
| 33 | ലൈഫ് ഭവനനിർമ്മാണം - ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-33 |
| 34 | പഞ്ചായത്തിന് പുറത്ത് സ്ഥലം വാങ്ങിയതിന് സർക്കാർ അനുമതി ലഭ്യമാക്കാത്തതും മറ്റ് അപാകതകളും.<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-34 |
| 35 | പൊളിച്ച് മാറ്റിയ കെട്ടിടാവശിഷ്ടങ്ങൾ ലേലം ചെയ്യാത്തത് സംബന്ധിച്ച്<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-35 |
| 36 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-36 |
| 37 | വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത<br>Written By: Sreeja Thekkan (Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-37 |
| 38 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-38 |
| 39 | പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-39 |
| 40 | ഭക്ഷണ വിതരണം പോലും നടത്താനാവാതെ അഗതിരഹിത കേരളം പ്രൊജക്ട്<br>Written By: M.Karunakaran (Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 1-40 |
| | ഭാഗം **2** | |
| 1 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല<br>Written By: RENSY. E (Auditor, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 2-1 |
| 2 | കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല<br>Written By: RENSY. E (Auditor, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 2-2 |
| | ഭാഗം **3** | |
| 1 | വൃദ്ധസദനം നവീകരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 3-1 |
| 2 | പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 3-2 |
| 3 | പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 07-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 3-3 |

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: SathishKumar C P (Asst. Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-5 |
| 6 | വായ്പ<br>Written By: SathishKumar C P (Asst. Audit Officer, On 08-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: RENSY. E (Auditor, On 02-07-2022)<br>Last Updated By: Rathna Singh K.P (Deputy Director, On 23-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 16.3.20 ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം 1/20 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വരവ് ചെലവുകളെ സംബന്ധിച്ച് ബജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെങ്കിൽ പുതുക്കിയ ബജറ്റ് സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കി പഞ്ചായത്ത് മുമ്പാകെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 15-2.21ലെ1/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1994 -ലെ കേരളപഞ്ചായത്ത്രാജ് നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവുൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവു കളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിരദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചതായി സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനുട്സിൽ രേഖപ്പെടുത്തിക്കാണുന്നില്ല. ബജറ്റ് ഫയൽ പരിശോധിച്ചതിൽ സ്ഥാപന മേധാവികൾ സമർപ്പിച്ച ബജറ്റ് പ്രപോസലിൽ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെട്ടിട്ടുള്ളൂ..

ഭരണസമിതി അംഗീകരിച്ചു നൽകിയ ബജറ്റ് പരിശോധിച്ചതിൽ ആയത് പ്രകാരമുള്ള വരവ് ചെലവ് യഥാർത്ഥ വരവ് ചെലവുമായി വൻ അന്തരം കാണുന്നു. ബജറ്റ് പ്രകാരം മുന്നിരിപ്പ് 4412442/-രൂപയും തൻവർഷ വരവ് 231567538/- രൂപയും ഉൾപ്പെടെ ആകെ വരവ് 235979980/- രൂപയും തൻവർഷത്തെ പ്രതീക്ഷിത ചെലവ് 231527980/- രൂപയും നീക്കിയിരിപ്പ് 4452000/- രൂപയുമാണ്. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 106564073/- രൂപയും തൻവർഷത്തെ യഥാർത്ഥ ചെലവ് 75346166 രൂപയുമാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുന്ന പക്ഷം പുതുക്കിയ ബജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുമാണ്.

## 1-2 വാർഷിക കണക്ക് അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രേഖകളുമായി പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 250,500/- രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. വാർഷിക കണക്കിലെ ബി9ഷെഡ്യൂളിൽ കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിൽ 48,436/- രൂപയാണ് കാണിച്ചിരിക്കുന്നത്. എന്നാൽ കെ ഡി സി ബാങ്ക് നടുവണ്ണൂർ ശാഖയുടെ (A/c No.100441201200001) റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 104,227/-രൂപയുടെ ചെക്കുകൾ 3മാസത്തിലധികമായി എൻകാഷ് ചെയ്യപ്പെടാത്തതായിട്ടുണ്ട്.

5. ബാലൻസ്ഷീറ്റിലെ ബി-14 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

6. തൻവർഷ കുടിശ്ശിക തുകകൾക്കുള്ള പ്രൊവിഷൻ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

7. ബി -11 എ ഷെഡ്യൂൾപ്രകാരം ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. ബാങ്ക് ബുക്ക്,റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം കെ ഡി സി ബാങ്ക് നടുവണ്ണൂർ ശാഖയുടെ (A/c No.100441201200001) 23,493,725/- രൂപയാണ് നീക്കിയിരിപ്പ്.വാർഷിക കണക്കിൽ 23,467,361/- രൂപയാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്.

9. ഡിമാന്റ് രജിസ്റ്റർ പ്രകാരം കുടിശ്ശിക വസ്തുനികുതി 394,924/- രൂപയാണ് വരവ്.എന്നാൽ വാർഷിക കണക്കിലെ RP45 പ്രകാരം 434,676/- രൂപയാണ്. വാർഷിക കണക്കും, ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

10. ഡിമാന്റ് രജിസ്റ്റർ പ്രകാരം തൻവർഷ വസ്തുനികുതി കുടിശ്ശികയായി 114,750/- രൂപ പിരിച്ചെടുക്കാൻഅവശേഷിക്കുന്നുണ്ട്.എന്നാൽ വാർഷികകണക്കിലെ ബി 15 പ്രകാരം 121,047/- രൂപയാണ് തൻവർഷ കുടിശ്ശിക. വാർഷിക കണക്കും, ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

11. ഡിമാന്റ് രജിസ്റ്റർ പ്രകാരം മുൻവർഷ വസ്തുനികുതി കുടിശ്ശികയായി 280,240/- രൂപ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്.എന്നാൽ വാർഷിക കണക്കിലെ ബി 15 പ്രകാരം 2,60,770/- രൂപയാണ് മുൻവർഷ

കുടിശ്ശികയായി കാണിച്ചിരിക്കുന്നത്.

12. സ്ഥിര നിക്ഷേപം മുൻ ബാക്കിയും തൻവർഷത്തെ നിക്ഷേപവും വാർഷിക കണക്കിലുള്ളതും രജിസ്റ്ററിലുള്ളതു തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | വാർഷിക കണക്കിലുള്ളത് | രജിസ്റ്റർ പ്രകാരം |
|---|---|---|
| മുൻ ബാക്കി | 1,868,674 | 1,859,835 |
| തൻവർഷത്തെ നിക്ഷേപം | 139,948 | 148,787 |

ILGMS

ഗ്രാമപഞ്ചായത്തിൽ 01.4.20 മുതൽ 23.09.20 വരെയുള്ള കാലയളവിൽ സാഖ്യാ അധിഷ്ഠിത സോഫ്റ്റ്‌വെയർ ഉപയോഗിച്ചും 24.09.20 മുതൽ ILGMS സോഫ്റ്റ്‌വെയർ ഉപയോഗിച്ചുമാണ് ഇടപാടുകൾ നടത്തി വരുന്നത്. 24.09.20 ന് സാംഖ്യാ സോഫ്റ്റ്‌വെയറിൽ നിന്ന് ILGMS ലേക്ക് മാറിയപ്പോൾ അതു വരെയുള്ള ഡാറ്റ ILGMS ൽ ഉൾപ്പെടുത്തുന്ന പാസ്റ്റ് ഡാറ്റാ എൻട്രി നടത്തിയതിന്റെ വർക്ക് ഷീറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ സാംഖ്യയിൽ ലഭ്യമായിരുന്നതിൽ കൂടുതൽ ILGMS ൽ കൂട്ടിച്ചേർക്കപ്പെട്ട കണക്ക് ശീർഷകങ്ങളുടെ തരം തിരിച്ചുള്ള വിവരം പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ സാഖ്യയിലെ ഓരോ എൻട്രിയുടെയും ILGMS ലേക്കുള്ള എൻട്രിയുടെ വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല. ബാലൻസ് ഷീറ്റിലെ സാഖ്യയിലെ എൻട്രികൾ ILGMS ലേക്ക് ചേർത്തപ്പോൾ സംഭവിച്ച ചില വ്യത്യാസങ്ങൾ ചുവടെ കാണിക്കുന്നു.

| ബാലൻസ് ഷീറ്റ് (As On 24.09.20) | സാംഖ്യ പ്രകാരമുള്ളത് | ILGMS പ്രകാരമുള്ളത് |
|---|---|---|
| B35 | 51,678,313 | 51,809,303 |
| B4 | 11,041,023 | 11,901,050 |
| B9 | 4,549,477 | 3,558,459 |

ILGMS ലേക്ക് മാറിയതിനു ശേഷം പ്രതിമാസ വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയുണ്ടായിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി

- 23/2020-21 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,74,13,951 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,91,50,122 |
| ആകെ | 10,65,64,073 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,53,46,166 |
| നീക്കിയിരിപ്പ് | 3,12,17,907 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 11,805,787 | 11,805,787 | 11,738,109 | 67,678 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 6,827,862 | 6,827,862 | 6,037,421 | 790,441 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 93,667 | 93,667 | 55,000 | 38667 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 8,152,000 | 8,152,000 | 8,152,00 | -- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 4,049,621 | 4,049,621 | 3,362,595 | 687,026 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 16,919,349 | 16,919,349 | 8,655,534 | 8,263,815 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 198 | 132 | 12 | 54 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 198 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 144 പ്രോജക്ടുകൾക്ക് സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ പ്രോജക്ടുകൾക്കായി 102798973 രൂപ വകയിരുത്തിയതിൽ 54952540 രൂപ മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കാത്തതിനാൽ ലഭ്യമായ വികസന ഫണ്ട്/മെയിന്റെനന്സ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ വൻതുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക (ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഒഴി കെ) | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് ജനറൽ | 11805787 | 11738109 | 67678 |
| വികസന ഫണ്ട്- | 6827862 | 6037421 | 790441 |

| | | | |
|---|---|---|---|
| SCP | | | |
| വികസന ഫണ്ട്– T.S.P | 93667 | 55000 | 38667 |
| മെയിന്റെനന്സ് ഗ്രാന്റ് റോഡ് | 8152000 | 8152000 | 00 |
| മെയിന്റെനന്സ് ഗ്രാന്റ് നോൺ റോഡ് | 4049621 | 3362595 | 687026 |
| C.F.C. ഗ്രാന്റ് (UnTied) | 11339349 | 8275912 | 3063437 |
| C.F.C. ഗ്രാന്റ് ( Tied) | 5580000 | 379622 | 5200378 |
| ആകെ | 47848286 | 38000659 | 9847627 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 47848286 രൂപയിൽ 38000659 രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 9847627 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമാ യിട്ടുണ്ട്. വികസനഫണ്ട് ജനറൽ, മെയിന്റെനന്സ് ഗ്രാന്റ് റോഡ് ഇനങ്ങളിലൊഴികെ ലഭ്യമായ ഫണ്ടുകൾ പൂർണമായി വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സി.എഫ്.സി.ഗ്രാന്റിനങ്ങളിൽ ലഭ്യമായ തുകകൾ വിനിയോഗിക്കാൻ കഴിയാത്തതാണ് ഫണ്ട് നഷ്ടത്തിന് പ്രധാന കാരണമായത്. ഈ ഇനത്തിൽ മാത്രം 8263815 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം സാമ്പത്തിക വർഷത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 13223846 രൂപയാണ് പ്രോജക്ടുകൾക്ക് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഈ ഇനത്തിൽ എ.സി.ആർ പ്രകാരം പഞ്ചായത്തിൽ 16919349 രൂപ വരവുവന്നിട്ടുണ്ട്. ഇതിൽ നിന്നും 3695503 രൂപക്ക് പ്രോജക്ടുകൾ ആവിഷ്കരിക്കാൻ പോലും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ലെന്ന് വ്യക്തമാവുന്നു. വികസനഫണ്ടിനത്തിൽ ലഭ്യമായ ഫണ്ടിനേക്കാൾ വളരെ കൂടിയ തുക പ്രൊജക്ടുകൾക്ക് വകയിരുത്തിയതിനാൽ ഫണ്ടിന്റെ അഭാവം മൂലം പ്രസ്തുത ഫണ്ടിൽ നിന്നും സാമ്പത്തിക വർഷത്തിലുണ്ടായ എല്ലാചെലവുകളും നിർവഹിക്കാൻ കഴിയാത്ത അവസ്ഥ പഞ്ചായത്തിൽ സംജാതമായിട്ടുണ്ട്.

നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ ഒരു പ്രൊജക്റ്റ് മാത്രം നടപ്പിലാക്കാനുണ്ടായിരുന്ന ഹോമിയോ മെഡിക്കൽ ഓഫീസർ ഒഴികെ മറ്റ് നിർവഹണ ഉദ്യോഗസ്ഥരാരും തങ്ങളുടെ പ്രോജക്റ്റുകൾ മുഴുവൻ നടപ്പിലാക്കിയിട്ടില്ല. അസി.എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രോജക്റ്റുകൾ ഉൾപ്പെടെ 88 പ്രോജക്റ്റുകൾ നടപ്പിലാക്കാനുണ്ടായിരുന്ന തിൽ 68 പ്രോജക്റ്റുകൾക്കും തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്.

സ.ഉ.എം.എസ്.നമ്പർ 11/2018/ത.സ്വ.ഭ.വ.തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർഷിച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയിന്റനൻസുകൾ നടത്തി വരുന്നത്. അതേപൊലെതന്നെ വനിതാവികസന മേഖലയിൽ നടപ്പിലാക്കിയ പ്രോജക്റ്റുകളിൽ ഭൂരിഭാഗവും മേൽ സർക്കാർ ഉത്തരവ് ഖണ്ഡിക 6.3 ൽ നിഷ്കർച്ച പ്രകാരമല്ല തുക വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. കാർഷിക മേഖലയിലെയും മൃഗസംരക്ഷണ മേഖലയിലെയും വ്യക്തിഗത ആനുകൂല്യം നൽകുന്ന ഭൂരിഭാഗം പ്രോജക്റ്റുകളും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിരിക്കുന്നത്. പഞ്ചായത്ത് തയ്യാറാക്കി വർഷം തോറും പരിഷ്കരിച്ചുവരുന്ന സ്റ്റാറ്റസ് റിപ്പോർട്ടിൽ വിവിധ മേഖലകളുടെ അടിസ്ഥാന വിവരങ്ങൾ പൂർണമായിരേഖപ്പെടുത്തിയിട്ടില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്റ്റുകളുടെ രൂപീകരണം, നിർവഹണം, എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാകുന്നു. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തികാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രോജക്റ്റുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തികാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു.

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 51360 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 14803500 | 729 |
| വിധവാ പെൻഷൻ | 18754900 | 975 |
| വാർദ്ധക്യകാല പെൻഷൻ | 35061200 | 2147 |
| വികലാംഗ പെൻഷൻ | 5906700 | 304 |
| 50 വയസ്സ കഴിഞ്ഞ അവിവാഹി തരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1505500 | 77 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30-06-2022, 10.30 Am -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുക 2904/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

1-1-2021ലെ 3/2021 ഓഫീസ് ഉത്തരവ് പ്രകാരം അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ചുനൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി

ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടുണ്ട്. 2020-21 ൽ കോവിഡ് കാലമായിട്ടും 8 തവണ സ്റ്റാഫ് മീറ്റിംഗ് വിളിച്ച കൂട്ടിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. ചെക്ക് പണമായി മാറ്റുന്നതിൽ കാലതാമസം വന്നിട്ടും അധികൃതർ ശ്രദ്ധ പതിപ്പിക്കാത്തതിനാൽ ഓഡിറ്റ് ചൂണ്ടിക്കാണിച്ച ശേഷം 4-7-2022ന് പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചു. വിശദാംശങ്ങൾക്കായി ഖണ്ഡിക 1- 14 കാണുക. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടില്ല. പരാതി രജിസ്റ്ററിൽ പരാതിയിൽ കൈകൊണ്ട തീരുമാനം പലപ്പോഴും രേഖപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് ഡയറി പരിശോധിച്ചതിൽ തപാലുകൾ പലപ്പോഴും ബന്ധപ്പെട്ട സെക്ഷനുകൾ കൈപ്പറ്റി ഒപ്പ് തീയ്യതി എന്നിവ രേഖപ്പെടുത്തി കാണുന്നില്ല. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റ് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ ഭൂരിഭാഗം വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായിട്ടില്ല. 1997-98 മുതൽ 2019-20 വരെ വിവിധ റിപ്പോർട്ടുകളിലായി 211 പരാമർശങ്ങൾ നിലവിൽ പരിഹരിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ILGMS നടപ്പിലാക്കിയ സെപ്റ്റംബർ 2020 മുതൽ പ്രതിമാസ വരവു ചെലവു കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വച്ച് പാസ്സാക്കിയിട്ടില്ല.

പഞ്ചായത്തിൽ ഒരു സൂപ്പർ ന്യൂമറി ക്ലാർക്ക് ഉൾപ്പെടെ 4 ക്ലാർക്ക്, 3 സീനിയർ ക്ലാർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ

കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതു കൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾക്കായി ഖ 1-14 കാണുക

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമ മാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷംവരെ ആകെ 5089 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ സാമ്പത്തിക വർഷം 4166 കുടുബങ്ങളിൽ നിന്നായി 4532 പേർ തൊഴിലിനായി അപേക്ഷിക്കുകയും അത്രയും പേർക്ക് തന്നെ തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഷെൽഓഫ് പ്രോജക്ട് പ്രകാരം 433 പ്രവൃത്തികളിലായി 145653591 രൂപ വകയിരുത്തിയതിൽ 343 പ്രവൃത്തികൾ നടപ്പിലാക്കുകയും സാമ്പത്തിക വർഷത്തിൽ ആകെ 185348തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയുംചെയ്തിട്ടുണ്ട്. ആയതിന് തൊഴിലാളികളുടെ കൂലി ഇനത്തിൽ 55107110 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തികൾക്കുള്ള ആകെചെലവ് 61293596 രൂപയാണ്. സാമ്പത്തിക വർഷത്തിൽ 898 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ്. ജീവനക്കാരുടെ ശമ്പളം, യാത്രാചെലവ്, മറ്റ് ചെലവുകൾ ഇനത്തിൽ 2405051 രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നടപ്പിലാക്കിയ 343 പ്രവൃത്തികളിൽ 35 എണ്ണം മാത്രമാണ് മെറ്റിരിയൽ പ്രവൃത്തികൾ. മെറ്റീരിയൽ പ്രവൃത്തികൾക്ക് മെറ്റീരിയൽ വിലയിനത്തിൽ മൊത്തം 3781435 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

## 1-10 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ.

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്ന നടപടികൾ പരിശോധിച്ചതിൽ 1997-98 മുതൽ 2019-20 വരെ വിവിധ റിപ്പോർട്ടുകളിലായി 211 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിവും പരിഹരിക്കാതെ അവശേഷിക്കുന്നു. വിവിധ സാമ്പത്തിക വർഷങ്ങളിലെ തീർപ്പാക്കാനവശേഷിക്കുന്ന ഭൂരിഭാഗം പരാമർശങ്ങൾക്കും മറുപടി

ലഭ്യമാക്കിയതായി ഹെഡ് ക്ലർക്ക് അറിയിച്ചു. 2017-18, 2018-19, 2019-20 വർങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് മറുപടി ലഭ്യക്കിയതിന്റെ അടിസ്ഥാനത്തിൽ അനന്തരപരാമർശം പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന് നിശ്ചിത സമയപരിധിക്കകം മറുപടി ലഭ്യമാക്കാത്തതിനാൽ അനന്തര റിപ്പോർട്ട് പുറപ്പെടുവിക്കേണ്ടി വന്നിട്ടുണ്ട്. 2019-20 വർഷ ഓഡിറ്റ് റിപ്പോർട്ട് 7-2-22ന് പഞ്ചായത്തിൽ ലഭിച്ചെങ്കിലും 20-6.22 ന് മാത്രമാണ് ആയതിന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തതും. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമർപ്പിക്കുന്ന മറുപടികളിൽ ഭൂരിഭാഗവും അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ലാത്തതും, പ്രഥമ മറുപടിക്കുശേഷം റിപ്പോർട്ടുകളിൻമേൽ തുടർനടപടികളില്ലാത്തതുമാണ് ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതിരിക്കാൻ കാരണമാവുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം തീർപ്പാക്കാനവശേഷിക്കുന്ന മുഴുവൻ പരാമർശങ്ങൾക്കും വ്യക്തമായ മറുപടി തയ്യാറാക്കി സമർപ്പിച്ച് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി ഈടാക്കിയതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് 203,208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. കൂടാതെ ലോഡ്ജിംഗ് വിഭാഗത്തിൽ വരുന്ന കെട്ടിടങ്ങൾക്ക് 30 രൂപ നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

താഴെ പട്ടികയിൽ ചേർത്ത കെട്ടിടത്തിന്റെ ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത് തെറ്റായാണെന്ന് കാണുന്നു.

| | |
|---|---|
| വാർഡ് നമ്പർ | 4 |
| | |

| | |
|---|---|
| കെട്ടിട നമ്പർ | 317 B,C,D |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | ആലി ഹാജി, ജമീല,<br>തടത്തുംപൊയിൽ,<br>കരുവണ്ണൂർ-673614 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2019 ആദ്യ അർദ്ധ വാർഷികം |

| പ്ലാൻ പ്രകാരം | തറ വിസ്തീർണം (Plinth Area) | Occupancy | Room No. | ബാധകമാക്കിയ നികുതി നിരക്ക് |
|---|---|---|---|---|
| Ground Floor | 46.53 (30+16.53) | Shops | 317b, 317c | 317b (30ചമീ)-40<br>317c (16.53)-60 |

| | | | | |
|---|---|---|---|---|
| First Floor | 61.53 | Lodging | 317d | 30 |
| | | | | |
| Total Area | 108.06 | | | |

100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിൽ ഈടാക്കേണ്ടതിന് താഴെ നിലയിലെ മുറികളുടെ വിസ്തീർണ്ണം 46.53ച.മീ ആയിരിക്കേ 317b നമ്പർ മുറിക്ക് 40 രൂപ നിരക്കിലും (30ച.മീ), 317c നമ്പർ മുറിക്ക് (16.53 ച.മീ) 60രൂപ നിരക്കിലും ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് 203, 208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| | |
|---|---|
| വാർഡ് നമ്പർ | 10 |

| | |
|---|---|
| കെട്ടിട നമ്പർ | 252 A,B,C,D,E,F |

| | |
|---|---|
| കെട്ടിടമുടമയുടെ പേരും വിലാസവും<br><br>(സഞ്ചയ പ്രകാരം) | അഹമ്മത്,<br><br>ഇല്ലത്ത്,<br><br>നടുവണ്ണൂർ,673614 |

| | |
|---|---|
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2020 ആദ്യ അർദ്ധ വാർഷികം |

തറ വിസ്തീർണം: 152.78 ച.മീ

കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം

| ബാധകമാക്കിയ നികുതി നിരക്ക് 40 രൂപ ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് 60രൂപ ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
|---|---|---|
| 152.78*40= 6111<br>6111+1222=7333<br>7333+367= 7700/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 152.78*60= 9167<br>9167+1833=11000<br>11000+550= 11550/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2020-21<br>11550-7700<br>= 3850/-<br>(3667 BT+ 183 LC) |
| ആകെ | | 3850/- രൂപ |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം പഞ്ചായത്തിന് നികുതി നഷ്ടം സംഭവിച്ചിരിക്കുന്നു. മേൽ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷത്തിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-13 കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല

ശ്രീ.റിഷാൻ.എച്ച്.ആർ എന്നിവരുടെ ഉടമസ്ഥതയിലുള്ള കൊമേർഷ്യൽ കെട്ടിടത്തിന് 2020-21 വർഷത്തിൽ നികുതി നിർണയിച്ച് നമ്പരിട്ട് നൽകിയിട്ടുള്ളതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് (നം B2/BA/199965/2018 തീയതി 06/04/2018) പ്രകാരമുള്ള അപ്രൂവ്ഡ് പ്ലാനിൽ നിന്നും അധികരിച്ച് നിർമ്മിച്ചതായി കംപ്ലീഷൻ പ്ലാനിൽ കാണുന്ന എന്നാൽ അധിക വിസ്തീർണത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നമ്പർ/ വിനിയോഗ ക്രമം | ഉടമസ്ഥന്റെ പേര്/ മേൽവിലാസം | അപ്രൂവ്ഡ് പ്ലാനിലുള്ള വിസ്തീർണം (ച.മീ) | കംപ്ലീഷൻ പ്ലാനിലുള്ള വിസ്തീർണം (ച.മീ) | അധികരിച്ച് നിർമ്മിച്ച വിസ്തീർണം (ച.മീ) | ഈടാക്കേണ്ട ക്രമവത്കരണ ഫീസ് |
|---|---|---|---|---|---|
| 10/672 A To T കൊമേർഷ്യൽ | ശ്രീ.റിഷാൻ. എച്ച്.ആർ, തയ്യുള്ളതിൽ, വാകയാട്, 673614 | 1518.55 | 1785.18 | 266.63 | 5333 (266.63*10*2) |
| ആകെ | | | | | 5333 |

പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

1-14 കെട്ടിട നമ്പർ ലഭിച്ചതിനു ശേഷം കെട്ടിടത്തിന്റെ ഘടനയ്ക്ക് മാറ്റം വരുത്തി

ശ്രീ.റിഷാൻ എച്ച്.ആർ എന്നിവർ 13/10/2017 തീയതിയിൽ ഒരു വാണിജ്യകെട്ടിടം പണിയുന്നതിന് പെർമിറ്റിന് അപേക്ഷിക്കുകയും നടപടിക്രമങ്ങൾ പാലിച്ച് 04/11/2017ന് B2-BA(62729)/2017 നമ്പറിൽ 988.88 ച.മീ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അനുവദനീയമായ വിസ്തൃതിയിൽ കവിഞ്ഞ് കെട്ടിടം പണിഞ്ഞതിനാലും പെർമിറ്റ് കാലാവധി നീട്ടുന്നതിനാലും ആയത് ക്രമവത്കരിക്കുന്നതിനായി 06/04/2018 വീണ്ടും അപേക്ഷിക്കുകയും B2-BA(199965)/2018 നമ്പറിൽ 1518.55ച.മീ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഒക്യുപെൻസി അനുവദിക്കുന്നതിനായി 23/06/2020 തീയതിയിൽ ടിയാൻ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിനൊപ്പം അപേക്ഷ സമർപ്പിച്ചിരുന്നു. 2020 ആദ്യ അർദ്ധ വാർഷികം മുതൽ പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്ത് വാണിജ്യ കെട്ടിടത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കിവരുന്നു. .

| കെട്ടിട ഉടമസ്ഥന്റെ പേര്/വാർഡ്/ കെട്ടിട നമ്പർ | പെർമിറ്റ് വിശദാംശങ്ങൾ | കംപ്ലീഷൻ അപേക്ഷ |
|---|---|---|
| റിഷാൻ എച്ച് ആർ | B2-BA(62729)2017 | 23/06/2020 |

| | | |
|---|---|---|
| | 04/11/2017<br>Permitted Area<br>988.88 Sqm<br>Valid Upto 3 Years<br>(05.11.2020) | |
| വാർഡ് നമ്പർ-10<br>കെട്ടിട നമ്പർ-672 A To T | B2-BA(199965)/2018<br>06/04/2018<br>Permitted Area 1518.55 Sqm<br>Valid Upto 3 Years<br>(30.08.2021) | |

പഞ്ചായത്തിൽ സമർപ്പിച്ച വാണിജ്യ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ/റഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം താഴെ പട്ടികയിൽ ചേർക്കുന്നു.

| According To Plan |
|---|
| |

| | |
|---|---|
| Ground Floor | 585.44 Sqm |
| First Floor | 580.70 Sqm |
| Second Floor | 619.04 Sqm |
| Total Plinth Area | 1785.18 Sqm |

05.07.2022 തീയതിയിൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കംപ്ലീഷൻ പ്ലാൻ/റഗുലറൈസേഷൻ പ്ലാൻ പഞ്ചായത്തിൽ സമർപ്പിച്ച് വാണിജ്യ കെട്ടിട നമ്പറിംഗ്, വസ്തുനികുതി അസസ്സ്മെന്റ് എന്നിവ നടത്തിയ ശേഷം സമർപ്പിച്ച കംപ്ലീഷൻ പ്ലാനിൽ നിന്ന് വ്യതിചലിച്ച് അനധികൃത നിർമ്മാണം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. കെട്ടിടത്തിന്റെ പുറകുവശത്തായി നിലവിൽ പാർക്കിംങിനായുള്ള ഭാഗത്ത് ജനറേറ്റർ റൂമും, അതിനോട് ചേർന്ന് ഷീറ്റ് കൊണ്ട് പാനലിംഗ് ചെയ്ത് നിർമ്മാണം നടത്തി ആയത് ക്യാന്റീനായി ഉപയോഗിച്ചു വരുന്നു. (ജനറേറ്റർ റൂം, ക്യാന്റീൻ, സ്റ്റോർ റൂം എന്നിവ പ്ലാനിൽ കാണിച്ചിട്ടില്ല). ക്യാന്റീൻ, സ്റ്റോർ റൂം എന്നിവ കെട്ടിടത്തിന് നമ്പറിട്ട ശേഷം സ്ഥല പരിശോധന വേളയിൽ കെട്ടിടത്തിന്റെ നടത്തിപ്പുകാരൻ വാക്കാൽ വ്യക്തമാക്കി.

2. ക്യാന്റീനിനോട് ചേർന്ന് രണ്ട് ശുചിമുറികളും നിർമ്മിച്ചിട്ടുണ്ട്. താഴത്തെ നിലയിൽ പ്ലാനിൽ കാണിച്ചിരിക്കുന്നത് 8 ശുചിമുറികളാണ് പ്ലാനിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയതിനാൽ രണ്ട് ശുചിമുറികൾ ഇവയാണോ എന്ന് വ്യക്തമല്ല.

3. പ്രവേശന കവാടത്തിന്റെ ചുമരിൽ എ.സി.പി ഉപയോഗിച്ച് ക്ലാഡിംങ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പാർട്ടിക്ക്ൾ ഷീറ്റ് ഉപയോഗിച്ച് യഥാർഥ ചുമരെന്നു തോന്നിക്കും വിധം (കംപ്ലീറ്റഡ് പ്ലാനിൽ കാണിച്ചിരിക്കുന്നതിലും അധികമായി) പ്രവേശന മാർഗ്ഗത്തിന്റെ മുൻ വശത്തേക്ക് തള്ളി കൂട്ടതലായി നിർമ്മിച്ചിട്ടുണ്ട്.

4. പ്ലാൻ പ്രകാരമുള്ള സ്ഥലത്തല്ല ലിഫ്റ്റ് നിർമ്മിച്ചിരിക്കുന്നത്. പ്ലാൻ പ്രകാരം ലോബിയിലായാണ് ലിഫ്റ്റ് കാണിച്ചിരിക്കുന്നത്. ലിഫ്റ്റ് യഥാർഥത്തിൽ ലോബിയുടെ പിൻവശത്ത് സ്റ്റയർ കെയ്സിനോടടുത്തായാണ് നിർമ്മിച്ചിരിക്കുന്നത്.

5. പ്ലാൻ പ്രകാരം സ്റ്റയർ കെയ്സിനോട് ചേർന്ന് പാർക്കിംങ്ങ് ഏരിയ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ ഇത് കൊമേഴ്ഷ്യൽ ഏരിയയായി ഉപയോഗിച്ചുവരുന്നു.

6. ഒന്നാം നിലയിൽ പ്ലാനിൽ 3 കട്ടൌട്ട് ഏരിയ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിൽ ഒരു കട്ടൌട്ട് ഏരിയ മാത്രമാണ് നിർമ്മിച്ചിരിക്കുന്നത് (പ്രവേശന കവാടത്തിന്റെ ഭാഗത്ത്). ഇരുവശങ്ങളിലായും പ്ലാൻ പ്രകാരമുള്ള മറ്റു കട്ടൌട്ട് ഏരിയ ട്രസ്സ് വർക്ക് ചെയ്ത് ഉപയോഗിച്ചു വരുന്നു.

7. രണ്ടാം നില പ്ലാൻ പ്രകാരം കൊമേഴ്ഷ്യൽ റൂം എന്ന് രേഖപ്പെടുത്തിയത് സ്ഥലപരിശോധന സമയത്ത് പാർട്ടിക്ക്ൾ ഷീറ്റ് കൊണ്ട് പാനലിംഗ് നടത്തി വിവിധ മുറികളായി തരം തിരിച്ച് ഓഫീസ് മുറി, നമസ്കാര മുറി, സ്റ്റിച്ചിങ്ങ് റൂം എന്നിവയായി ഉപയോഗിച്ചു വരുന്നത് കാണാനിടയായി. ഇതൊന്നും തന്നെ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നമ്പർ ഇട്ടതിനു ശേഷമാണ് കെട്ടിടങ്ങളുടെ ഘടനയ്ക്ക് മാറ്റം വരുത്തുന്നത്. കാർ പാർക്കിംഗ് ഏരിയ കൂടി കൂട്ടിയെടുത്ത് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത് അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യാത്തത് മൂലമാണ്, ഇത് വാർഡ് ക്ലാർക്കുമാരുടെ കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണ് കാണിക്കുന്നത്. വാർഡ് ക്ലാർക്കുമാർ അവരവരുടെ വാർഡിലെ അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 20,21 അനുശാസിക്കും പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികാരികൾ സ്ഥലപരിശോധന നടത്തി മേൽ നിർമ്മിതികൾ ബിൽഡിംങ് റൂൾ പ്രകാരം അനുവദനീയമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ആണെങ്കിൽ, നിയമം അനുശാസിക്കും വിധം പിഴ ഈടാക്കി ക്രമവൽക്കരണത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അനധികൃതമായി നിർമ്മിച്ച ഭാഗം അളന്ന് തിട്ടപ്പെടുത്തി പിഴ ഈടാക്കി അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തുനികുതി ഈടാക്കേണ്ടതുമാണ്. ഈ ഭാഗത്തെ നിർമ്മാണം ബിൽഡിംങ് റൂൾ പ്രകാരം അനുവദനീയമല്ലെങ്കിൽ പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ടി

കെട്ടിടത്തിൽ സെൻട്രലൈസ്ഡ് എ.സി ആണോ ഉള്ളത് എന്ന് പരിശോധിച്ച് ബാധകമായ നികുതി വർദ്ധനവ് വരുത്തേണ്ടതാണ്.

1-15 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി നിരക്ക് ഉറപ്പ് വരുത്തുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

വിവിധ വസ്തുനികുതി ഫയലുകൾ പരിശോധിച്ചതിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 495 എണ്ണമാണുള്ളത്. ഇതിൽ തറ നിർമ്മിതി സാധാരണ തറ, എന്ന് നൽകി നികുതിയിൽ വർദ്ധനവില്ലാത്ത കെട്ടിടങ്ങളിൽ ചിലത് താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 7/139A | സജിത്ത് ബാബു,<br>ബിന്ദു ഭവൻ,<br>നടുവണ്ണൂർ. | 256.1 ച. മീ |
| 3/135B | റഫീഖ്,<br>കട്ടയാട്ട്, നടുവണ്ണൂർ,<br>കാവിൽ- 673614 | 299.58ച. മീ |

വസ്തു നികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ

തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

## 1-16 ചെക്ക് പണമായി മാറുന്നതിൽ കാലതാമസം

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വസ്തുനികുതി ഇനത്തിലായി പ്രസിഡന്റ്/ സെക്രട്ടറി, നടുവണ്ണൂർ സർവീസ് കോർപ്പറേറ്റീവ് സൊസൈറ്റി പഞ്ചായത്തിനു നൽകിയ 3976/-രൂപയുടെ ചെക്ക് (നമ്പർ 712036 തീയതി 12/02/2021) കോഴിക്കോട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 15/02/2021നു പണമായി മാറ്റുന്നതിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെക്ക് പണമായി മാറിയിട്ടില്ല. നാളിതു വരെ ടി തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വരാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 04/07/2022 ന് 01/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിനെ ഇതിനെ തുടർന്ന് അക്കൌണ്ടന്റ് കെ.ഡി.സി ബാങ്കുമായി ബന്ധപ്പെടുകയും തുക അന്നു തന്നെ (04/07/2022) പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കുകയും ചെയ്തു. ഓഡിറ്റ് എൻക്വയറിക്ക് എ4-3070/2022 നമ്പർ കത്ത് പ്രകാരം മറുപടി ലഭ്യമാക്കി. കെ.ഡി.സി ബാങ്ക് മാനേജറുടെ കത്തും മറുപടിയോടൊപ്പം സമർപ്പിച്ചിരുന്നു. ചെക്ക് ട്രാൻസ്ഫർ ചെയ്ത അക്കൌണ്ട് നമ്പർ തെറ്റായതിനാലാണ് തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വരാതിരുന്നത് എന്ന് ടി കത്തിൽ വ്യക്തമാക്കുന്നു. 15/02/2021നു ബാങ്കിൽ നൽകിയ ചെക്ക് പഞ്ചായത്ത് ഫണ്ടിൽ അക്കൌണ്ട് ചെയ്യപ്പെടുന്നത് 04/07/2022 നാണ് (ഒരു വർഷം അഞ്ച് മാസത്തിനു ശേഷം). ബാങ്ക് റീക്കൺസിലിയേഷൻ സമയത്ത് പ്രസ്തുത ചെക്ക് പണമായി മാറാത്തത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടില്ല. ഇത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

എല്ലാ ചെക്കുകളും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട് എന്നത് പരിശോധിച്ച് ഉറപ്പാക്കേണ്ടതും ചെക്കുകൾ ക്യാഷാക്കുന്നതിന്റെ വിവരം ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 സഞ്ചയ സോഫ്റ്റ് വെയറിൽ റദ്ദാക്കിയ രസീതുകൾ പ്രകാരം തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തുന്നു.

ILGMS രസീതുകൾ പ്രകാരം വസ്തുനികുതി അടവാക്കിയത് സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പരിശോധിച്ചതിൽ, താഴെപ്പറയുന്ന റദ്ദാക്കിയ രസീതു പ്രകാരം തുക പിരിച്ചെടുത്തതായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് / വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നമ്പർ/ | കാലയളവ് | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | തീയതി | | |
| 1 | 12/425 | മാധവി അമ്മ, കൊടോളി മീത്തൽ, നടുവണ്ണൂർ-673614 | 1200102496/ 21/01/2021 | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 156 |
| ആകെ | | | | | 156 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/20-21 തീയതി 07/07/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവ് ആണ്. ഇത് കാരണം യഥാർത്ഥത്തിൽ അടവാക്കാത്ത വസ്തു നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തപ്പെട്ടു. മേൽ പ്രകാരമുള്ള ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 മത്സ്യമാർക്കറ്റ് ലേലം കൊണ്ടയാളുമായി കരാറിലേർപ്പെടുന്നില്ല

23/06/2020 ലെ ബി4/1885/2020 ലേലം/ക്വട്ടേഷൻ നോട്ടീസ് പ്രകാരം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള, നടുവണ്ണൂർ അങ്ങാടിയിലെ അലൈൻ കോംപ്ലക്സിലെ മത്സ്യമാർക്കറ്റ് 01/04/2020 മുതൽ 31/03/2021 വരെ കൈവശം വെക്കുന്നതുമായി ബന്ധപ്പെട്ട് 07/07/2020, 11am -ന് നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ വെച്ച് ലേലം ചെയ്യുകയുണ്ടായി. ലേല നിബന്ധന 3 പ്രകാരം ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ലേല തുകയും ആവശ്യമായ നികുതിയും പഞ്ചായത്തിൽ അടക്കേണ്ടതും നിശ്ചിത തുകക്കുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വെക്കേണ്ടതുമാണ്. ലേല രജിസ്റ്ററും ബന്ധപ്പെട്ട ഫയലുകളും പരിശോധിച്ചതിൽ ലേലം യഥാസമയം നടത്തി, ശ്രീ.ദിമേഷ്, വെങ്ങളം, ചാലിൽ, കാവിൽ (പി.ഒ), ഏറ്റവും അധികം തുകയായ 20000/- രൂപയ്ക്ക് ലേലം വിളിച്ചു. 27/08/2020 തീയതിയിൽ നടത്തിയ സാധാരണ/അടിയന്തിര മീറ്റിംഗിലെ 09/11 നമ്പർ തീരുമാന പ്രകാരം ശ്രീ.ദിമേഷിന് ലേലം സ്ഥിരപ്പെടുത്തി കൊടുത്തു. ടിയാളിൽ നിന്നും ജി.എസ്.ടി, സെസ്സ് ഉൾപ്പെടെ മുഴുവൻ തുകയും ഈടാക്കിയിട്ടുണ്ട് (10000രൂപ 7/7/2020ലെ രസീതി നമ്പർ 12040101081 പ്രകാരവും, 10000+1600+1600 (Cgst,sgst ഉൾപ്പെടെ) 31/03/2021 (സാമ്പത്തിക വർഷം

അവസാനം) തീയതിയിലെ 1200106351 രസീതി നമ്പർ 12040101081 പ്രകാരവും അടവാക്കിയിട്ടുണ്ട്. എന്നിരുന്നാലും ലേലം കൊണ്ടയാളുമായി പഞ്ചായത്ത് കരാറിലേർപ്പെടണമെന്ന വ്യവസ്ഥ നമ്പർ 3 പാലിച്ചിട്ടില്ല. മുദ്രപത്രത്തിൽ കരാർ നിബന്ധനകൾ എഴുതി ഒപ്പു വെച്ച് സൂക്ഷിക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കരാർ ചമയ്ക്കാത്തത് മൂലം തുക ഒടുക്കുന്നതിൽ വീഴ്ച്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുകയില്ല. ലേല നടപടികളിലുണ്ടാകുന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം / -108/21. പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് മറ്റ്

അറ്റകുറ്റപണികൾ

അടങ്കൽ തുക -400000

ഫണ്ട് -200000 (ധനകാര്യകമ്മീഷൻ അവാർഡ്)

200000 തനത്ഫണ്ട്,

ചെലവ് തുക - 399118

തനത്ഫണ്ട്,

ചെക്ക്നം 5725014/25.8.20 /199118

ധനകാര്യകമ്മീഷൻ അവാർഡ്

ബിൽനം . 35/11.11.20. 200000

കരാറുകാരൻ - ശ്രീ.സുനിൽകുമാർ

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ്, നെയിംബോർഡ് സ്ഥാപിക്കുക എന്നിവ ലക്ഷ്യം വച്ച് തയ്യാറാക്കിയ പ്രോജക്ട്. കരാറുകാരൻ ശ്രീ.സുനിൽകുമാർ എസ്റ്റിമേറ്റ് നിരക്കിൽ 02/AE/ LSGD/NDR/20-21 തി.30.6.20 എഗ്രിമെന്റ് പ്രകാരം പ്രവൃത്തി ഏറ്റെടുത്ത എം ബുക്ക് 43/19-20 പ്രകാരം 27.7.20 ന് പൂർത്തിയാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ സംരക്ഷണ പ്രവൃത്തികളിൽ ഉൾപ്പെട്ട പെയിന്റിങ്ങിന് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് അനുവദിച്ചതായി കാണുന്നു. നിലവിലുള്ള കെട്ടിടങ്ങളുടെ പെയിന്റിംഗ് പ്രവൃത്തിക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ ഐറ്റം 13.60.1 എന്നതാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതലോ കോട്ട് പെയിംന്റ് ചെയ്യുന്നതിനുള്ളതാണ്. നേരത്തെ നിലവിലുണ്ടായിരുന്ന ചുമരിൽ പ്രസ്തുത പെയിംന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിംന്റ് ഉപയോഗിച്ച് ചെയ്യുന്ന

ഐറ്റം 14.53.1 ആണ്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ M2 ന് 72.41/- രൂപയാകുമായിരുന്ന നിരക്ക്(കോസ്റ്റ് ഇൻഡക്സ് 31.06%)താരതമ്യേന കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവർത്തി ഇനം | അനുവദിച്ച തുക | അനുവദി ക്കേണ്ട തുക | അധിക ചെലവ് |
|---|---|---|---|
| 13.60.1 (1) എം.ബുക്ക് 43/19-20 | 1634.075 M2 X110.68 =180859.42 | 1634.075 M2x 72.41 =118323.37 | 180859-118323 62536 |

മേൽ സൂചിപ്പിച്ച പ്രകാരം അധിക നിരക്കിൽ കരാറുകാരന് തുക അനുവദിക്കാനിടയാക്കിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. കരാറുകാരന് അധികനിരക്കിൽ അനുവദിച്ച 62536 രൂപ തിരികെ ഈടാക്കാനുള്ള നടപടി കൾ സ്വീകരിക്കേണ്ടതാണ്.

## 1-20 പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

നടുവണ്ണൂർ പഞ്ചായത്തിൽ 20-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ബിൽ തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഓഡിറ്റ് വർഷത്തെ | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. | ടി. എസ് പ്രകാരം പ്രവർത്തി | ഈടാ ക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെലവ് | ബുക്ക് നമ്പർ | പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | |
| 1 | 157/20-21 പി.എച്ച്.സി അടിസ്ഥാന സൗകര്യ വികസനം | 679135 വി.ഫണ്ട് ബിൽ നം. 24/20-21 /25.8.20 | 43/AE/.L.S.G.D N.D.R/18- 19/.6 .3.19 Mbook. 332/ 18-19 Mbook. 326/ 18-19 | 6മാസം 6.3.19 24.12.19 | പി. എ. സി തുക 679135രൂപ യുടെ (3%) 20374രൂപ |
| 2 | 181/20-21 എടവനപ്പുറം ഫുട്പാത്ത് രണ്ടാം ഘട്ടം | 496662. വി.ഫണ്ട്. ബിൽനം 25/25.8.20./ 72000 തനത് ഫണ്ട്. ചെക്ക്നം .5725016/ 24.8.20.424662. | 49/AE/.L.S.G.D N.D.R/19 – 20/.18.2.20 Mbook. 229/ 19-20 | 3 മാസം 18.2.20 18.7.20 | പി. എ. സി തുക 497658 രൂപ യുടെ (3%) രൂപ 14929 |
| | | | | ആകെ | 35303 |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത്

കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പിഴ ഇനത്തിലെ 35303 രൂപ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

1-21 വൃദ്ധസദനം നവീകരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട്നം - 182/21(SO)

പ്രോജക്ടിന്റെ പേര്- വൃദ്ധസദനം നവീകരണം

അടങ്കൽ -100000

ഫണ്ട് - വി.ഫണ്ട് ( ധനകാര്യകമ്മീഷൻ അവാർ ഡ് ,

തനത്ഫണ്ട്)

ചെലവ് തുക - 73845

ബിൽനം -48/5.3.21 /68845

ചെക്ക് നം -5725062/31.3.21/5000 (തനത് ഫണ്ട്)

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വൃദ്ധസദനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി ടൈൽവർക്ക്, പെയിന്റിംഗ്, ജനൽ, വാതിൽ എന്നിവ മാറ്റി സ്ഥാപിക്കൽ എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 46/AE/L.S.G.D/N.D.R/19-20 തി. 18.2.20 എഗ്രിമെന്റ് പ്രകാരം ശ്രീ.ലതീഷ് എസ്റ്റിമേറ്റ് നിരക്കിൽ (എസ്റ്റിമേറ്റ് തുക. 90000) പ്രവൃത്തി ഏറ്റെടുക്കുകയും M ബുക്ക്.63/18-19

പ്രകാരം 20.3.20ന് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയായ പ്രസ്തുത കെട്ടിടം ഉപയോഗപ്പെടുത്താതെ നിഷ്ക്രിയ ആസ്തിയായി തുടരുന്ന സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഐറ്റം 12, പ്രകാരം സംരക്ഷണ പ്രവൃത്തികളിൽ ഉൾപ്പെട്ട പെയിന്റിങ്ങിന് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനമാണ് ഉൾപ്പെടുത്തിയിയത്. ചുമരുകളുടെ പെയിന്റിംഗിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ 13.60.1 എന്നതാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതലോ കോട്ട് പെയിന്റ് ചെയ്യുന്നതിനുള്ളതാണ്. DAR ലെ അദ്ധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിംന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ M2 ന് 72.41/- രൂപയാകുമായിരുന്ന നിരക്ക്(കോസ്റ്റ് ഇൻഡക്സ് 31.06%) താരതമേന്യ കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് താഴെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. എംബുക്ക് പേജ് 20 പ്രകാരം 170.52 $M^2$ന് 110.68 രൂപ നിരക്കിൽ 18873.15 രൂപ അനുവദിച്ചിട്ടുണ്ട്. ഐറ്റം 14.53.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ 170.52 $M^2$ ന് 72.41 നിരക്കിൽ 12347.35 രൂപ മതിയായിരുന്നു. ഇപ്രകാരം 6526 രൂപ (18873.15- 12347.35) അധികം തുക കരാറുകാരന് അനുവദിച്ചതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയ കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്ന സാഹചര്യം ഒഴിവാക്കേണ്ടതും കരാറുകാരന് അധികമായി അനുവദിച്ച 6526 രൂപ തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-22 എസ്.എസ്.എ.വിഹിതം അടവാക്കൽ- പ്രൊജക്റ്റ് പ്രകാരം പരിമിതമായ തുക മാത്രം അടവാ ക്കുന്നതും അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമല്ലാത്തതും സംബന്ധിച്ച്

പ്രോജക്ട് നമ്പർ- 29/21

വകയിരുത്തിയ തുക- 400000

ചെലവു തുക- 400000 (ബിൽ നമ്പർ-1/20-21തി 8-1-21)

നിർവഹണം - ഹെഡ് മാസ്റ്റർ

മേൽ പ്രോജക്ടു പ്രകാരം വികസന ഫണ്ടിൽ നിന്നും 4,00,000/- രൂപ പിൻവലിച്ച് എസ്.എസ്.എ.വിഹിതം ഇനത്തിൽ ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. സ.ഉ നമ്പർ 11/18 തി 29.1.18 ഖണ്ഡിക 7.6.(4) പ്രകാരം ഗ്രാമപഞ്ചായത്തുകളും, ജില്ലാപഞ്ചായത്തുകളും ഗവ. നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതും പ്രോജക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യ പങ്ക് വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം തുക അടവാക്കുകയോ,

എസ്.എസ്.കെ പ്രോജക്റ്റ് രൂപീകരണത്തിൽ പഞ്ചായത്ത് പങ്ക് വഹിക്കുകയോ ചെയ്തതായി കാണുന്നില്ല. എസ്.എസ്.കെ പ്രോജക്ടിന് അർഹമായ വിഹിതം ലഭിക്കാത്തതിനാൽ പാഠ പുസ്തകങ്ങൾ, യൂണിഫോം മുതലായവ കുട്ടികൾക്ക് ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥസംജാതമാവും. കൂടാതെ പ്രോജക്ട് പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ അടവാക്കിയ 400000 രൂപയുടെ വിനിയോഗ വിവരം പരിശോധക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിയിട്ടില്ല. വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുക 400000 രൂപ തടസ്സത്തിൽ വെക്കുന്നു.

1-23 അങ്കണവാടി മോഡണൈസേഷൻ- പ്രൊജക്റ്റ് നിർവഹണത്തിലെ അപാകതകൾ

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നമ്പർ/ പേര് | അടങ്കൽ, ഫണ്ടിനം | ചെലവ് | ബിൽ നം, ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| 187/21 (സ്പിൽ ഓവർ) അങ്കണവാടി മോഡണൈ സേഷൻ | 19000 (തനതു ഫണ്ട്) + 356595 (റോഡിതര സംരക്ഷണ ഗ്രാന്റ് ) =375595 | 18405 (തനതു ഫണ്ട്) +356595 (റോഡിതര സംരക്ഷണ ഗ്രാന്റ്) = 375000 (ബിൽ നമ്പർ 1/20-21 തി 20.4.20) | 5/30-6-20 1329899/19-6-20 |

അങ്കണവാടികൾ മാതൃകാ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങളായ അങ്കണവാടി ആധുനിക വൽക്കരണം(ക്ലാസ്റൂം, കളിസ്ഥലം), പഠനോപകരണങ്ങൾ തയ്യാറാക്കൽ (റീഡിംഗ് മെറ്റീരിയൽ, ഡ്രോയിംഗ് മെറ്റീരിയൽ) എന്നിവയാണ് പ്രൊജക്ടിൽ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രോജക്ട് പ്രകാരം പറമ്പത്ത് മുക്ക് (സെന്റർ നമ്പർ- 18), നടുവണ്ണൂർ(സെന്റർ നമ്പർ- 4), പുലരി (സെന്റർ നമ്പർ-5) എന്നീ അങ്കണവാടികൾ ക്രാഡിൽ അങ്കണവാടികളാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥ മേൽ ബിൽ പ്രകാരം 375000 രൂപ പിൻവലിച്ച് ആർട് കോ ലിമിറ്റഡ് കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. പ്രോജക്റ്റ്

ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1) ക്രാഡിൽ പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ച അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിഗണിക്കാതെയാണ് വിവിധ കളി ഉപകരണങ്ങളും മറ്റും അങ്കണവാടികളിൽ ലഭ്യമാക്കിയിരിക്കുന്നത്. ഭൗതിക സാഹചര്യങ്ങളുടെ അഭാവം മൂലം മിക്ക ഉപകരണങ്ങളും കുട്ടികൾക്ക് ഉപകരിക്കും വിധം വിന്യസിക്കാൻ കഴിയാതെ അങ്കണവാടികളിൽ കൂട്ടിയിട്ട നിലയിലാണുള്ളതെന്ന് നടുവണ്ണൂർ, പുലരി എന്നീ അങ്കണവാടികളിൽ ഓഡിറ്റിനോടനുബന്ധിച്ച് സൂപ്പർവൈസറുടെ സാന്നിധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ബോധ്യമായി. മാത്രമല്ല ഓരോ അങ്കണവാടിക്കും ആവശ്യമായ കളി ഉപകരണങ്ങൾ ഏതെല്ലാമെന്ന് നിർവഹണ ഉദ്യോഗസ്ഥ ആർട് കോയെ അറിയിച്ചതായി കാണുന്നില്ല. ആർട് കോ ലഭ്യമാക്കിയ ഉപകരണങ്ങൾക്ക് തുക ചെലവിട്ടതായാണ് കാണുന്നത്.

2)ക്രാഡിൽ അങ്കണവാടിയാക്കുന്നതിന്റെ ഭാഗമായി കാഡ്കോവിൽ സാമ്പത്തിക വർഷം 15 ഇനങ്ങൾക്കായി 375000 രൂപ അടവാക്കിയതിൽ ലഭ്യമായ ഉപകരണങ്ങളും സേവനങ്ങളും ഓഡിറ്റിനോടനുബന്ധിച്ച് നടുവണ്ണൂർ, പുലരി എന്നീ അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിലും, പറമ്പത്ത് മുക്ക് അങ്കണവാടിയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും താഴെ കൊടുത്ത പഠനോപകരണം ലഭ്യമാക്കിയതായി കാണുന്നില്ല.

| ഇനം | എണ്ണം | വില |
|---|---|---|
| Alphabet Mat$ Number Mat | 108 | 4838.40 |

പണമടവാക്കിയ എല്ലാ ഉപകരണങ്ങളും ലഭ്യമായി എന്ന് ഉറപ്പുവരുത്തുന്നതിൽ നിർവഹണ ഉദ്യോഗസ്ഥ വീഴ്ചവരുത്തിയിട്ടുണ്ട്.

3)3 അങ്കണവാടികൾക്ക്ചുമരിൽ ആർട് പെയിന്റിംഗ് ചെയ്യുതിന് ഒന്നിന് 26220 രൂപ നിരക്കിൽ 12%ജി.എസ്.ടി ഉൾപ്പെടെ 88099.20 രൂപ ഈടാക്കിയിട്ടുണ്ട്. 3 അങ്കണവാടികളുടെയും ചുമരിന്റെ ഏരിയ വ്യത്യസ്തമായിരിക്കെ ഓരോന്നിനും 26220 രൂപ നിരക്കിൽ തുക ഈടാക്കിയതെങ്ങിനെയെന്ന് വ്യക്തമല്ല. മാത്രമല്ല പെയിന്റിംഗ് വർക്കിന്റെ അളവ് എവിടെയും രേഖപ്പെടുത്തിയിട്ടുമില്ല. മൂന്നു പ്രവർത്തികൾക്കും വാല്വേഷനില്ലാതെ തുക നൽകിയത് ശരിയായ നടപടിക്രമമല്ല.

4.<u>വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനമില്ല</u> .

പഞ്ചായത്തിന്റെ 2019-20-, 20-21 കാലയളവിലെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനുട്സ് പരിശോധിച്ചപ്പോൾ ആർട്കോയിൽ നിന്നും അങ്കണവാടികൾക്ക് സാധനങ്ങൾ വാങ്ങിയത് പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ തീരുമാനമെടുക്കാതെയാണെന്ന് കണ്ടു.

5.ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയില്ല.

ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ അവർ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് വാങ്ങിയ കളിക്കോപ്പുകൾ ആർട്കോ സ്വന്തം നിലയിൽ നിർമ്മിച്ചതാണോ എന്ന് വ്യക്തമല്ല. വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. കളിക്കോപ്പുകൾ നിർമ്മിക്കുന്നതിനും മേൽ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനും ഈ കാലയളവിൽ സർക്കാർ അനുമതി നൽകിയ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

5.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

സാധനങ്ങളുടെ വാങ്ങൽ, ഗുണനിലവാരം എന്നീ ഘടകങ്ങൾ മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/6-7-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ലഭ്യമാവാൻ അവശേഷിക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാകാത്തപക്ഷം ആയത് നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 3,75,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-24 ആയുർവേദ ആശുപത്രിക്ക് ISO സർട്ടിഫിക്കേഷൻ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ, ഫണ്ടിനം | ചെലവ്/ബിൽ നം/തീയതി |
|---|---|---|---|
| 202/21 (സ്പിൽ ഓവർ) | ആയുർവേദ ആശുപത്രിക്ക് ISO സർട്ടിഫിക്കേഷൻ | 100000 (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 99743 2/27-3-21 |

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി മേൽ പ്രോജക്റ്റ് മുഖേന ആശുപത്രിക്ക് ISO സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി 99743 രൂപ ചെലവഴിച്ചിട്ടുണ്ട്. 31-12-2019ലെ 1(1) നമ്പർ ഭരണസമിതി തീരുമാന പ്രകാരം കൊച്ചിയിലുള്ള AQA Quality Management Systems Pvt Ltd എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് ഐ,എസ്.ഒ സർട്ടിഫിക്കേഷൻ നടത്തേണ്ട ഏജൻസിയായി നിയമിച്ചിട്ടുണ്ട്. തുടർന്ന് 3-2-2020ന് ഏജൻസിയും മെഡിക്കൽ ഓഫീസറും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരം സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനാവശ്യമായ രീതിയിൽ ആശുപത്രിയേയും ജീവനക്കാരെയും പ്രാപ്തരാക്കേണ്ടതും ആയതിനാവശ്യമായ അപേക്ഷ ബന്ധപ്പെട്ട ഏജൻസിക്ക് സമർപ്പിക്കാൻ സഹായിക്കേണ്ടതും മേൽ ഏജൻസിയുടെ ചുമതലയാണ്. പ്രോജക്റ്റിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഇനം | ചെലവഴിച്ച തുക |
|---|---|
| ആശുപത്രിക്കുള്ളിലെ വിവിധ നെയിം ബോർഡുകൾ സ്ഥാപിക്കൽ | 24900 |
| കൺസൾട്ടൻസി ഫീസ് | 35700 |
| ഫർണ്ണിച്ചർ | 39143 |

പദ്ധതി നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. നാഷണൽ ഹെൽത്ത് മിഷന്റെ (NHM) Quality Assurance Team നിർദ്ദേശിച്ച പ്രകാരം 2014 മുതൽ നടപ്പിലാക്കി വരുന്ന KASH (Kerala Accreditation Standards For Health Care) സമ്പ്രദായമാണ് ആശുപത്രികളിൽ നടപ്പിലാക്കേണ്ടത്. ഇതിനു പകരമായി ഐ,എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് എന്തു കൊണ്ടാണെന്നത് വ്യക്തമല്ല.

2. തുക ചെലവഴിച്ച് ഒരു വർഷമായിട്ടും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് പ്രോജക്റ്റിന്റെ ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. സർട്ടിഫിക്കേഷന്റെ ഭാഗമായി ഭിന്നശേഷിക്കാർക്കായി റാമ്പ്,ബാത്ത് റൂം സൗകര്യം എന്നിവ ഏർപ്പെടുത്തൽ,ഫാർമസിയുടെ നവീകരണം,ഡോക്ടറുടെ കൺസൾട്ടിംഗ് റൂം നവീകരണം എന്നിവ കൂടി പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ടെന്നാണ് ആശുപത്രി അധികൃതർ അറിയിച്ചത്. 2020-21 ലും 21-22 വർഷത്തിലും ഇതിനായി പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (22/7-7-22) മറുപടി നൽകിയിട്ടില്ല. പ്രോജക്റ്റ് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച്

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. അതു വരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-25 കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്ക് തുക വകയിരുത്തൽ- വിനിയോഗ വിവരം ,ചെലവുരേഖകൾ എന്നിവ ഹാജരാക്കാത്തത് സംബന്ധിച്ച്

പ്രൊജക്ട് നമ്പർ- 3/21

വകയിരുത്തിയ തുക- 391000

ചെലവുതുക- 391000 (ബിൽ നമ്പർ 10/20-21 തി 9.10.2020)

നിർവഹണം- സെക്രട്ടറി

ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ ഒരു വർഷത്തെ കണ്ടിജന്റ് ചെലവുകൾക്ക് ആവശ്യമായ തുക ഒറ്റത്തവണയായി അതത് സ്ഥാപനങ്ങളുടെ എക്കൌണ്ടിൽ നിക്ഷേപിക്കുന്ന പ്രൊജക്ട് പ്രകാരം 391000 രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് സ്ഥാപന മേധാവികളുടെ ആവശ്യപ്രകാരം കൈമാറിയിട്ടുണ്ട് . ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| സ്ഥാപനം | കൈപ്പറ്റിയ തുക |
|---|---|
| വെറ്ററിനറി ഡിസ്പൻസറി നടുവണ്ണൂർ | 40000 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 36000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 25000 |
| മെഡിക്കൽ ഓഫീസർ എഫ്,എച്ച്.സി | 170000 |
| അഗ്രികൾച്ചർ ഓഫീസർ | 30000 |
| ജി.യു.പി സ്കൂൾ കരുവണ്ണൂർ | 30000 |
| ജി.എം. എൽ.പി .സ്കൂൾ .നടുവണ്ണൂർ | 30000 |
| ജി.ഡബ്ല്യൂ. എൽ.പി.എസ്. കാവുന്തറ | 30000 |
| ആകെ | 391000 |

മേൽ തുകകൾ കൈപ്പറ്റിയതിൽ മെഡിക്കൽ ഓഫീസർ പി.എച്ച്. സി കൈപ്പറ്റിയ 170000 രൂപ

വിനിയോഗിച്ചതായി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളൊന്നും തന്നെ ചെലവ് രേഖകളോ, വിനിയോഗ സാക്ഷ്യപത്രമോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് (കൈ)22/2018 തീയതി.14.02.18 ഖണ്ഡിക 8.8 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകളുടെ ആവശ്യകത തയ്യാറാക്കി സ്ഥാപന മേധാവികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും ആവശ്യകത പരിഗണിച്ച് ഒരു ഉത്തരവിലൂടെ എല്ലാ സ്ഥാപന മേധാവികൾക്കും തുക അനുവദിക്കേണ്ടതുമാണ്. അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം സ്ഥാപന മേധാവികൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിക്ക് നൽകേണ്ടതും ചെലവു സംബന്ധിച്ച വൗച്ചറുകൾ സ്ഥാപന മേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അപ്രകാരം സെക്രട്ടറിക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ, ചെലവു വൗച്ചറുകൾ ഓഡിറ്റിനായി ഹാജരാക്കുകയോ ചെയ്തിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഇത്തരം അപാകത സംബന്ധിച്ച പരാമർശ മുണ്ടായിരുന്നെങ്കിലും ആയത് പരിഹരിക്കാതെ സാമ്പത്തിക വർഷത്തിലും അപാകത ആവർത്തിച്ചതായി കാണുന്നു. സർക്കാർ നിർദ്ദേശിച്ച പ്രകാരം സ്ഥാപന മേധാവികൾ പ്രവർത്തിക്കാത്തതാണ് അപാകതക്ക് കാരണമായത്. ചെലവു രേഖകൾ, തുകയുടെ വിനിയോഗവിവരം എന്നിവ ഹാജരാക്കി അപാകത പരിഹരിക്കാവുന്നതാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ മെഡിക്കൽ ഓഫീസർക്ക് നൽകിയ 170000 രൂപ ഒഴികെയുള്ള 221000 രൂപ തടസ്സത്തിൽ വെക്കുന്നു.

1-26 അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷണകിറ്റ് വിതരണം-സർക്കാർ മാർഗനിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിച്ചു.

പ്രൊജക്റ്റ്നമ്പർ - 147/21

വകയിരുത്തിയ തുക- 462000

ചെലവുതുക- 350607 (ബിൽ നമ്പർ 6/30-7.20, 93/8/7/20)

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ നിലവിൽ അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ്. ആയതിന് 77000 രൂപ വികസന ഫണ്ടിൽ നിന്നും, 385000 രൂപ തനത് ഫണ്ടിൽ നിന്നുമാണ് വകയിരുത്തി യിരിക്കുന്നത്. ആയതിൽ കുടുംബശ്രീ മിഷനിൽ നിന്നും ലഭ്യമായ ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി കഴിഞ്ഞതിനാൽ 2020 ഫെബ്രുവരി മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങ ളിലെ ഭക്ഷണകിറ്റുകൾ വിതരണം ചെയ്തതിന്റെ വിലയായി 77000 രൂപ വികസന ഫണ്ടിൽ നിന്നും 273607 രൂപ തനത് ഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിരിക്കുന്നത്. ആയതിൽ ചലഞ്ച് ഫണ്ട് 2ാം ഗഡുലഭ്യമായപ്പോൾ തനത് ഫണ്ടിൽനിന്നും ചെലവഴിച്ച 273607 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കിയിട്ടുണ്ട്. എന്നാൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 77000 രൂപ തിരികെ

ഈടാക്കി കാണുന്നില്ല. സ.ഉ.നമ്പർ 11/18 ത.സ്വ.ഭ.വ തി 29.1.2018 ഖണ്ഡിക 7.8.3 പ്രകാരം അനുവദനീയമായ ഭക്ഷണ വിതരണ പരിപാടികളിൽ ആശ്രയ പരിചരണ പാക്കേജ് പ്രകാരം അർഹതയുള്ള അഗതികൾക്ക് അങ്കണവാടികൾ മുഖേന പാചകം ചെയ്ത ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് നിഷ്കർഷിച്ചിരിക്കുന്നത്. അഗതികൾക്കുള്ള ഭക്ഷണകിറ്റുകൾ അഗതി രഹിത കേരളം പ്രോജക്ട് പ്രകാരം ലഭ്യമാകുന്ന ചലഞ്ച് ഫണ്ട് വിനിയോഗിച്ചാണ് വിതരണം ചെയ്യേണ്ടത്. ചലഞ്ച് ഫണ്ട് ലഭ്യമാവാത്ത അവസരത്തിൽ വിനിയോഗിക്കാവുന്ന മറ്റ് കുടുംബശ്രീ ഫണ്ടോ, പഞ്ചായത്ത് തനത് ഫണ്ടോ ഉപയോഗിച്ച് ഭക്ഷണ വിതരണം മുടക്കം കൂടാതെ നടപ്പിലാക്കാമെങ്കിലും ചലഞ്ച് ഫണ്ട് ലഭ്യമാകുന്ന അവസരത്തിൽ ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതുമാണ്. എന്നാൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച മുഴുവൻ തുകയും തിരികെ ഈടാക്കാതെ തനത് ഫണ്ട് ചെലവുമാത്രം തിരികെ ഈടാക്കിയതിനും സർക്കാർ മാർഗനിർദ്ദേശത്തിന് വിരുദ്ധമായിപദ്ധതി വിഹിതം ഭക്ഷണകിറ്റ് വിതരണത്തിന് വിനിയോഗിച്ച തിനുംകാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചതും തിരികെ ഈടാക്കാത്തതുമായ 77000 രൂപ തടസ്സത്തിൽ വെക്കുന്നു.

1-27 തനതുഫണ്ട് ചെലവുകൾ:എല്ലാരേഖകളും അപ് ലോഡ് ചെയ്തില്ല

തനതു ഫണ്ട് ചെലവുകൾ ILGMS മുഖേന ആയതിനു ശേഷം തുക ചെലവഴിക്കപ്പെടുമ്പോൾ, മാന്വലായി ഏതൊക്കെ രേഖകൾ വൗച്ചറിന്റെ കൂടെ സൂക്ഷിക്കേണ്ടതുണ്ടോ ആ രേഖകളെല്ലാം ILGMS ൽ അപ് ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ പലപ്പോഴും ആവശ്യമായ എല്ലാ രേഖകളും ILGMSൽ അപ് ലോഡ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ കാണിക്കുന്നു.

| | വൗച്ചർ നമ്പർ, തുക | പണം കൈപ്പറ്റിയ വ്യക്തി | അപാകതകൾ |
|---|---|---|---|
| 1 | 42000019/16-10-20, 1,765/- | സുരേഷ് (വാഹനവാടക) | എന്നാണ് എവിടെയാണ് |

| | | | |
|---|---|---|---|
| | | | പോയതെന്ന രേഖകളില്ല. തുക അനുവദിക്കുന്നതിന് ആധാരമായ ട്രിപ്പ് ഷീറ്റില്ല. പണം കൈപ്പറ്റിയ വ്യക്തിയിൽ നിന്നും രശീതി വാങ്ങി സൂക്ഷിച്ചിട്ടില്ല. |
| 2 | 22000175/22-12-20, 6000/- | ശങ്കരൻ (അപകടകരമായ മരം മുറിച്ച് മാറ്റുന്നതിന് 3 പേർ 2ദിവസം ജോലി ചെയ്തതിന്) | മസ്റ്റർ റോളിൽ ഒരാളുടെ പേരുമാത്രം (ചന്ദ്രൻ.ടി). പണം കൈപ്പറ്റിയ വ്യക്തിയിൽ നിന്നും രശീതി വാങ്ങി സൂക്ഷിച്ചിട്ടില്ല. മരം ലേലം ചെയ്തു നൽകിയിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി- 24/2020-21 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ തീർത്തും ഒഴിവാക്കേണ്ടതാണ്.

1-28 ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭ്യമായ തുകയിൽ 3695503രൂപ പ്രൊജക്ടുകൾ പോലും ആവിഷ്കരിക്കാതെ നഷ്ടമായി.

സാമ്പത്തിക വർഷത്തെ സ്ഥാപനത്തിന്റെ പ്രോജക്ട് ചെലവുകൾ പരിശോധിച്ചതിൽ സുലേഖ ചെലവ് പത്രിക പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ സാമ്പത്തിക വർഷത്തിൽ

പ്രോജക്ടുകൾക്കായി 13223846 രൂപ വകയിരുത്തുകയും 8655534 രൂപ ചെലവഴിക്കുയും ചെയ്തിട്ടുണ്ട്. 40 പ്രോജക്ടുകളിലായാണ് മേൽ തുകകൾ വകയിരുത്തി ചെലവഴിച്ചിരിക്കുന്നത്. സാമ്പത്തിക വർഷത്തെ സ്ഥാപനത്തിലെ വിവിധ ഫണ്ടുകളുടെ A.C.R. പരിശോധിച്ചതിൽ 20-21ൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിൽ 5580000രൂപയും ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഇനത്തിൽ 11339349രൂപയും ഉൾപ്പെടെ ആകെ 16919349 രൂപ വരവ് വന്നിട്ടുണ്ട്. വരവുവന്ന തുകയിൽ ചെലവഴിക്കാതെ മൊത്തം 8263815 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. (16919349-8655534). ഇതിൽ തന്നെ ആകെ വരവുവന്ന 16919349രൂപയിൽ മേൽ പറഞ്ഞ പ്രകാരം പ്രൊജക്ടുകൾക്കായി വകയിരുത്തിയ 13223846 രൂപ കഴിച്ച് 3695503 രൂപക്കുള്ള പ്രൊജക്ടുകൾ ആവിഷ്കരിക്കുക പോലും ചെയ്യാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടതായി കാണുന്നു. പദ്ധതി ആസൂത്രണ മാനദണ്ഡങ്ങൾ പാലിച്ച് ലഭ്യമായ വിഭവങ്ങൾ ഉൾപ്പെടുത്തി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതകക്ക് കാരണമായത്. ലഭ്യമായ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി പ്രൊജക്ടുകൾ ആവിഷ്കരിക്കാതെ 3695503 രൂപ നഷ്ടപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

1-29 മത്സ്യ സംരക്ഷണ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയില്ല

മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിൽ തൻ വർഷം സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി ഒരു പദ്ധതി രൂപീകരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. ജി.ഒ.(പി) 14/2020/ആ.സാ.വ തിയ്യതി, 18.05.20 നമ്പർ ഉത്തരവ് മാർഗ്ഗ രേഖ പ്രകാരമുള്ള സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പുരയിട മത്സ്യകൃഷി, ( 204/20-21) പദ്ധതിയ്ക്കായി 315200 രൂപ വികസന ഫണ്ടും 196800 രൂപ സംസ്ഥാനാവിഷ്കൃത ഫണ്ടും 885600 രൂപ ഗുണഭോക്തൃ വിഹിതവുമായി 1476000 രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരമുള്ള ചുമതലാ നിർവ്വഹണത്തിനും മത്സ്യോൽപ്പാദന വിപണന മേഖലയിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

സുഭിക്ഷകേരളം പദ്ധതിയ്ക്കായി സർക്കാർ നിർദ്ദേശം പാലിച്ച് പദ്ധതികൾ നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണന്നൊവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2/6-7-22) മറുപടി നൽകിയിട്ടില്ല. വരും വർഷങ്ങളിൽ ഇപ്രകാരം തുക വകയിരുത്തി മത്സ്യോത്പാദനം ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവർക്ക് ഗുണകരമായ രീതിയിൽ പ്രോജക്ടുകൾ നടപ്പിലാക്കി അറിയിക്കേണ്ടതാണ്.

1-30 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ- ഗുണനിലവാരം കുറഞ്ഞ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതും മറ്റ് അപാകതകളും

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം ഒരു സ്പിൽ ഓവർ പ്രോജക്ട് ഉൾപ്പടെ രണ്ട് പ്രോജക്ടുകൾ പ്രകാരമാണ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചിരിക്കുന്നത്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 152/21-സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (സ്പിൽ ഓവർ) | 200000 | 199500 | 95 എണ്ണം സ്ട്രിറ്റ് ലൈറ്റുകൾ ടെണ്ടർ നടപടികളിലൂടെ തേജസ് ഇലക്ട്രിക്കൽ സിസ്റ്റം അയനിക്കാട് എന്നസ്ഥാപനം ഫിറ്റുചെയ്തു |
| 92/21-സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 499200 | 240000 | കെൽട്രോൺ മുഖേന 208 തെരുവ് വിളക്കുകൾ ഫിറ്റ് ചെയ്തിന്റെ ആദ്യഗഡുവായി അനുവദിച്ച തുക |

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1)സ്ഥാപനത്തിൽ സൂക്ഷിച്ച തെരുവ് വിളക്കുകളുടെ രജിസ്റ്റർ പൂർണമല്ല. 3/7/2019 ൽ കെ.എസ്.ഇ.ബി ലഭ്യമാക്കിയ ജോയിന്റ് ഇൻസ്പക്ഷൻ റിപ്പോർട്ടിൽ വിവിധ ഇനത്തിൽ പെട്ട 247 തെരുവ് വിളക്കുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ

ഇനം, സ്ഥാപിച്ച പോസ്റ്റ് നമ്പർ എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ പൂർണമല്ല. 1 മുതൽ ആറ് വാർഡുകളിൽ സ്ഥാപിച്ച തെരുവിളക്കുകളുടെ വിവരം മാത്രമെ രജിസ്റ്ററിൽ ലഭ്യമായിട്ടുള്ളൂ. ജോയിന്റ് ഇൻസ്പക്ഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ കാലികമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

2)സാമ്പത്തിക വർഷത്തിൽ മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരം 303 വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയത് സ്ഥാപിക്കുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയിൽ സൂപ്പർ വിഷൻ ചാർജ് അടവാക്കി കെ.എസ്.ഇ.ബിയുടെ അനുമതി ലഭ്യമാക്കിയതായി കാണുന്നില്ല.

3)ഫയൽ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിൽ കെൽട്രോൺ മുഖേന സ്ഥാപിച്ച 208 തെരുവ് വിളക്കുകളിൽ ഭൂരിഭാഗവും 7/21 ൽ റിപ്പയർ ചെയ്ത് നന്നാക്കിയതായി എല്ലാവാർഡ് മെമ്പർ മാരും നൽകിയസാക്ഷ്യപത്രം പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ നിന്നും സ്ഥാപിച്ച തെരുവ് വിളക്കുകൾ ഗുണനിലവാരം കുറഞ്ഞതാണെന്ന് വ്യക്തമാവുന്നു. ആയതിന്റെ ഗുണനിലവാരം പരിശോധിക്കുകയോ, ബന്ധപ്പെട്ട പൊതുമരാമത്ത് ഊർജം വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് മോണിട്ടർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

1-31 വെറ്ററിനറി സർജൻ -തൻവർഷം ആവിഷ്കരിച്ച പ്രൊജക്ടുകളിൽ ഭൂരിഭാഗവും നടപ്പിലാക്കിയില്ല

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവർ പ്രോജക്ട് ഒഴികെ തൻവർഷം ആറ് പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ആയതിൽ രണ്ട് പ്രോജക്ടുകൾക്ക് മാത്രമാണ് ഭാഗികമായെങ്കിലും തുക ചെലവഴിച്ചിരിക്കുന്നത്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവു തുക |
|---|---|---|
| 233/21 ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിതം, വിരമരുന്ന് | 297500 | - |
| 100/21-പശുവിതരണം. എസ്.സി | 720000 | - |

| | | |
|---|---|---|
| 103/21 മൃഗാശുപത്രിക്ക് I.S.O സർട്ടിഫിക്കേഷൻ | 100000 | - |
| 104/21 മുട്ടഗ്രാമംപദ്ധതി | 30000 | - |
| 93/21-വെറ്ററിനറി ആശുപത്രിക്ക് മരുന്ന് | 200000 | 100000 |
| 96/21- പെണ്ണാട് വിതരണം, വനിത | 600000 | 84000 |
| ആകെ | 2217500 | 184000 |

മേൽ പറഞ്ഞ പ്രകാരം സാമ്പത്തിക വർഷം പുതുതായി നടപ്പിലാക്കാനുണ്ടായിരുന്ന ആറ് പ്രോജക്ടുകളിൽ കേവലം രണ്ടെണ്ണത്തിന് മാത്രമാണ് തുക ചെലവഴിച്ചിരിക്കുന്നത്. ആയതിൽ തന്നെ പെണ്ണാട് വിതരണം വനിത എന്ന പ്രോജക്ടിൽ 50 വനിതകൾക്ക് ആടിനെ വിതരണം ചെയ്യാൻ തുക വകയിരുത്തിയതിൽ 7 പേർക്ക് മാത്രമാണ് ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. വെറ്ററിനറി ആശുപത്രിക്ക് മരുന്ന് പ്രോജക്ട പ്രകാരം രണ്ട് ലക്ഷം രൂപ വകയിരുത്തിയതിൽ ഒരുലക്ഷം രൂപ മാത്രമാണ് ചെലവുള്ളത്. മറ്റ് പ്രോജക്ടുകൾക്കൊന്നും തന്നെ തുക ചെലവഴിക്കാതെ പോയതിനും നടപ്പിലാക്കിയ പ്രോജക്ടുകൾക്ക് ഭാഗികമായി മാത്രം തുക ചെലവഴിച്ചതിനും കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് കാരണം വിശദമാക്കേണ്ടതാണ്.

1-32 പട്ടിജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ- അനുബന്ധ രേഖകൾ ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ- 79/21

വകയിരുത്തിയ തുക- 300000

ചെലവുതുക- 299951

നിർവഹണം. -ഹെഡ് മാസ്റ്റർ

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകി അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ മേൽ പ്രോജക്ട് പ്രകാരം 60 പട്ടികജാതി

വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്തത് വിദ്യാർത്ഥികൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. മേശ, കസേര എന്നിവ കാഡ്‌കോ മുഖേന വാങ്ങി നൽകിയതായി നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ കാഷ് ബിൽ, കാഡ്‌കോക്ക് തുക അനുവദിച്ചതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല സ.ഉ.നമ്പർ 22/2018ഖണ്ഡിക 7.2.7 പ്രകാരം ഒരുവിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരുതവണ മാത്രമാണ് ആനുകൂല്യം നൽകാൻ പാടുള്ളു. ആയതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് ആനുകൂല്യം അനുവദിച്ചിരിക്കുന്നത്. അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-33 ലൈഫ് ഭവനനിർമ്മാണം - ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിലും അതിന് മുമ്പും ഭവന നിർമ്മാണത്തിനായി ഒന്നും രണ്ടും ഗഡുക്കൾ കൈപറ്റിയ ഗുണഭോക്താക്കൾ നാളിതു വരെ നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നില്ല. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ആദ്യഗഡു കൈപ റ്റിയ വർഷം | റിമാർക്ക്സ് |
|---|---|---|---|
| ദേവി.ബാലകൃഷ്ണൻ മുണ്ടൻ കുളങ്ങര. വാർഡ് -16 | 200000 (40000+200000) | 2018-19 | നിർമ്മാണം നാളിതു വരെ പൂർത്തീക രിച്ചില്ല. |
| സൗമ്യ.എം.W/O. അരുൺ കുമാർ കളങ്ങാട്ട് താഴക്കുനി | 200000 | 2019-20 | ,, |
| സുധ.W/O.ഗണേശൻ പാറക്കൽ താഴ | 40000 | 20-21 | അഡ്വാൻസ് കൈപറ്റി നിർമ്മാണം |

| | | | |
|---|---|---|---|
| | | | ആരംഭിച്ചില്ല |
| അഭിലാഷ്.S/Oഅപ്പു ആക്കാം പൊയിൽ | 40000 | 20-21 | ,, |
| ബീന അശോകൻ, തെങ്ങിട | 40000 | 20-21 | ,, |
| ഷമിജ.കെ W/O. സുനീഷ് കുന്നത്ത് കള്ളി | 40000 | 20-21 | ,, |
| ഷിൽന W/O.ഷൈജിത്ത് കൊന്നൻ കണ്ടിമീത്തൽ | 200000 | 20-21 | നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചില്ല. |
| രേഷ്ന അനീഷ് കന്നിട്ടു ചാലിൽ | 200000 | 20-21 | ,, |

മേൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

1-34 പഞ്ചായത്തിന് പുറത്ത് സ്ഥലം വാങ്ങിയതിന് സർക്കാർ അനുമതി ലഭ്യമാക്കാത്തതും മറ്റ് അപാകതകളും.

പ്രോജക്ട് നമ്പർ- 217/21

വകയിരുത്തിയ തുക- 1100000

ചെലവുതുക- 1073947(ബിൽ നമ്പർ 18/20-21 തി 17-1-21)

നിർവഹണം – സെക്രട്ടറി

കേരള വാട്ടർ അതോറിറ്റി കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന കോട്ടൂർ, നടുവണ്ണൂർ പാക്കേജ്

കുടിവെള്ള പദ്ധതി പ്രവർത്തിയുടെ ജലസംഭരണിക്കുള്ള 40 സെന്റ് സ്ഥലത്തിൽ നടുവണ്ണൂർ പഞ്ചായത്ത് വാങ്ങി നൽകേണ്ട 20 സെന്റ് ഭൂമി വാങ്ങിനൽകുന്നതിന് ഉള്ളതാണ് പ്രോജക്ട്. 2018-19 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയ പ്രോജക്ട് സ്പിൽ ഓവർ പ്രൊജക്ടായാണ് സാമ്പത്തിക വർഷം നടപ്പിലാക്കിയിരിക്കുന്നത്. ആയത് പ്രകാരം കോട്ടൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉള്ളതും സർവെ നമ്പർ 31/19 ഉൾപ്പെട്ടതും എച്ചിലാട്ട് കണ്ടി ഗീതഅമ്മ മുതൽ 4 പേർ കൈവശമുള്ളതുമായ 40 സെന്റ് സ്ഥലത്തിൽ 20 സെന്റ് കോട്ടൂർ ഗ്രാമപഞ്ചായത്തും 20 സെന്റ് നടുവണ്ണൂർ ഗ്രാമപഞ്ചായത്തുമാണ് വാങ്ങിയിരിക്കുന്നത്. ആയത് പ്രകാരം 1073947 രൂപ ഭൂമി ആധാരം ചെയ്തുതന്ന നാലു പേർക്ക് മേൽ ബിൽ പ്രകാരം പിൻവലിച്ച് നൽകിയിട്ടുമുണ്ട്. സ്ഥലം വാങ്ങലുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1)കുടിവെള്ള സംഭരണിക്കായി വാങ്ങുന്നുദ്ദേശിച്ച സ്ഥലം നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് പുറത്തായതിനാൽ ഭരണസമിതിയുടെ 17/12/2018 തിയ്യതിയിലെ 13(1)/18നമ്പർ തീരുമാനപ്രകാരവും 20.2.19ലെ 20/12 നമ്പർ തീരുമാന പ്രകാരവും സർക്കാർ അനുമതി ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം സ്ഥലം വാങ്ങിക്കുന്നതിനുള്ള അനുമതിക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് 10/4/2019ൽ A4/9007/19 നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ അനുമതി ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2)ജലസംഭരണി നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വാങ്ങിയ സ്ഥലം പദ്ധതി നടപ്പിലാക്കുന്ന കേരള വാട്ടർ അതോറിറ്റിക്ക് നിയമാനുസൃതം കൈമാറേണ്ടതുണ്ട്. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും, കയ്യൊഴിയലും) ചട്ടങ്ങൾ, 2005 ലെ നടപടിക്രമങ്ങൾ പാലിച്ച് വാട്ടർ അതോറിറ്റിക്ക് ഭൂമി കൈമാറിയതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതും അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-35 പൊളിച്ച് മാറ്റിയ കെട്ടിടാവശിഷ്ടങ്ങൾ ലേലം ചെയ്യാത്തത് സംബന്ധിച്ച്

പ്രോജക്ട് നം /പേര് -155/20-21.

പുലരി അങ്കണവാടി കെട്ടിടനിർമ്മാണം

അടങ്കൽ - 571388 (ധനകാര്യകമ്മീഷൻ അവാർഡ്)

ബിൽ നം /തുക - 18/3-7-20/571387

എം ബുക്ക് - 160, 48, 49/18-19

നടുവണ്ണൂർ പഞ്ചായത്തിലെ അപകടാവസ്ഥയിലായ പുലരി അങ്കണവാടിയ്ക്ക് പുതിയ കെട്ടിടം

നിർമ്മിക്കാനായി 122/18 നം പ്രകാരം 18-19 ൽ അംഗീകാരം ലഭിച്ച പ്രൊജക്ട്. എഗ്രിമെന്റ് നം/11/ AE/LSGD/NDR/ തി.7-7-18പ്രകാരം ശ്രീ.ലതീഷ് എന്ന കരാറുകാരൻ ഏറ്റെടുത്ത പ്രവൃത്തി മേൽ സൂചിപ്പിച്ച എം ബുക്കുകൾ പ്രകാരം 20.11.19ന് പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 1/4 തി.20.2.19 തീരുമാനപ്രകാരം പഴയകെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തി അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിരുന്നു. 5.7.22 ന് ഓഡിറ്റ് ടീം പ്രസ്തുത അംഗൻവാടി സന്ദർശിച്ചതിൽ കെട്ടിടത്തിന്റെ മുകളിൽ പഴയ കെട്ടിടം പൊളിച്ച മാറ്റിയതിന്റെ അവശിഷ്ടങ്ങൾ കൂട്ടിയിട്ടതിനാൽ മഴയത്ത് വെള്ളം കെട്ടിനിന്ന് കെട്ടിടത്തിനകത്തേയ്ക്ക് കിനിഞ്ഞിറങ്ങുന്ന അവസ്ഥയുണ്ട്. കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ യഥാസമയം ലേലം ചെയ്യാത്തതിനാലാണ് മേൽ സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളത്. അങ്കണവാടിയുടെ മുറ്റം തറനിരപ്പിൽ നിന്നും താഴെയായി ഇന്റർലോക്ക് പതിച്ച നിലയിലാണ്. ഇടത് ഭാഗത്ത് ചുറ്റുമതിൽ ഇല്ലാത്തതിനാൽ വെള്ളവും ചളിയും ഒലിച്ചിറങ്ങി മുറ്റത്ത് കെട്ടിക്കിടക്കുന്ന അവസ്ഥയിലാണുള്ളത്. പൊളിച്ച മാറ്റിയ കെട്ടിടാവശിഷ്ടങ്ങൾ ലേലം ചെയ്യാതെ പുതുതായി നിർമ്മിച്ച കെട്ടിടത്തിനു മുകളിൽ കൂട്ടിയിട്ടതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതും അങ്കണവാടിയുടെ സുഗമമായ നടത്തിപ്പിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-36 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ (ടെണ്ടർ ഫോറം വില) നിലവിൽ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടപ്പെടുന്നില്ല. ഇ-ടെണ്ടർ ഫീ ഫയൽ പരിശോധിച്ചതിൽ 2020-21 വർഷത്തിൽ 26 പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ കൈകൊണ്ടതായി കാണുന്നു. പഞ്ചായത്തിൽ അസി. എഞ്ചിനീയറുടെ പേരിലെ (അക്കൗണ്ട് നം. 37661615181, S. B. I. നടുവണ്ണൂർ) അക്കൗണ്ടിൽ 20-21 വരെ 69212 / രൂപയും, 21-22 വരെ 202944/ രൂപയും, ഇ-ടെണ്ടർ ഫീ ഇനത്തിൽ വരവ് വന്നതായി കാണുന്നു. ഇവ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരവ് വച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ടെണ്ടർഫീ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് വരവ് വച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-37 വനിതാ ഘടകപദ്ധതി - പദ്ധതികൾ രൂപീകരിച്ചതിൽ അപാകത

വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി താഴെ കൊടുത്തിരിക്കും പ്രകാരം 20-21 വർഷത്തിൽ നടുവണ്ണൂർ പഞ്ചായത്തിൽ 13 പ്രോജക്ടുകളിൽ തുക വകയിരുത്തി 11 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 9/21 ഇടവിള കൃഷി വികസനം | 400000 (വികസന ഫണ്ട്) | 400000 |
| 2 | 60/21 പച്ചക്കറി തൈ വിതരണം | 55050 (വികസന ഫണ്ട് ) | 55050 |
| 3 | 96/21 പെണ്ണാട് വിതരണം- വനിത-ജനറൽ | 150000 (വികസന ഫണ്ട് s) + 150000(തനതു ഫണ്ട്)+ 300000 (ഗുണഭോക്തൃ വിഹിതം)= 600000 | 42000(വി.ഫണ്ട്) +42000(ഗു.വിഹിതം) = 84000 |
| 4 | 104/21 മുട്ടഗ്രാമം പദ്ധതി | 137500 (വികസന ഫണ്ട്) + 12500(തനതു ഫണ്ട്) +150000(ജില്ലാ പഞ്ചായത്ത് വിഹിതം) = 300000 | ചെലവില്ല |
| 5 | 116/21 ക്ഷീര ഗ്രാമം വനിത | 250000 (വികസന ഫണ്ട്) +300000 (ജില്ലാ പഞ്ചായത്ത് വിഹിതം) + 550000 (ഗുണഭോക്തൃ വിഹിതം)= 1100000 | 50000 (വികസന ഫണ്ട്)+ 90000(ജില്ലാ പഞ്ചായത്ത് വിഹിതം)=140000 |
| 6 | 129/21(സ്പിൽ ഓവർ) വനിത | 30000 (0വികസന ഫണ്ട്) +400000 ( | 251833+400000 = 651833 |

| | | | |
|---|---|---|---|
| | ക്ഷീര കർഷകർക്ക് അളക്കുന്ന പാലിന് ഇൻസെന്റീവ് - സംയുക്ത പ്രോജക്ട് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം) = 700000 | |
| 7 | 130/21 (സ്പിൽ ഓവർ)ക്ഷീര ഗ്രാമം വനിത | 125000 (വികസന ഫണ്ട്) + 135000 (ജില്ലാ പഞ്ചായത്ത് വിഹിതം) + 550000 (ഗുണഭോക്തൃ വിഹിതം) = 810000 | 112500 (വികസന ഫണ്ട്)+120000 (ജില്ലാ പഞ്ചായത്ത് വിഹിതം)= 232500 |
| 8 | 195/21 (സ്പിൽ ഓവർ) കാലിത്തൊഴുത്ത് നവീകരണം വളക്കുഴിയും മൂത്രത്തൊട്ടി നിർമ്മാണവും | 192500 (വികസന ഫണ്ട്) + 210000 (ഗുണഭോക്തൃ വിഹിതം)= 402500 | 175000 വികസന ഫണ്ട്) |
| 9 | 196/21 മുട്ടഗ്രാമം പദ്ധതി(സ്പിൽ ഓവർ) | 79625 (വികസന ഫണ്ട്) +12500 (തനതു ഫണ്ട്)+137500 (ജില്ലാ പഞ്ചായത്ത് വിഹിതം)+184250 (ഗുണഭോക്തൃ വിഹിതം) = 413875 | 5500 (വികസന ഫണ്ട്) + 50875 (ജില്ലാ പഞ്ചായത്ത് വിഹിതം)= 56375 |
| 10 | 233/21 ക്ഷീര കർഷകർക്ക് ധാതുലവണ മിശ്രിതം വിരമരുന്ന് നൽകൽ | 297500 (വികസന ഫണ്ട്) | ചെലവില്ല |
| 11 | 146/21കോക്ളിയർ ഇംപ്ലാന്റുകളുടെ | 50350 (വികസന ഫണ്ട്) | 50350 |

| | | | |
|---|---|---|---|
| | മെയിന്റനൻസിന് സാമൂഹ്യ സുരക്ഷാമിഷന് തുക നൽകൽ | | |
| 12 | 100/21 പശു വിതരണം എസ്.സി | 70000(വികസന ഫണ്ട് എസ്.സി.പി)+60000 (ഗുണഭോക്തൃ വിഹിതം) = 130000 | 70000 |
| 13 | 200/21 സ്ത്രീ ഗൃഹനാഥയായ കുടുംബത്തിന് വീട് (സ്പിൽ ഓവർ) | 260000 (വികസന ഫണ്ട്) | 260000 |

പദ്ധതി രൂപീകരണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)സ.ഉ (കൈ)നം.11/2018/തസ്വഭവ.തീ.29.1.2018 ഖണ്ഡിക 5.4.1(10) പ്രകാരം വികസന ഫണ്ടിന്റെ 10% തുക വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം. ഖണ്ഡിക 6.3 പ്രകാരം സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങളായിരിക്കണം വനിതാഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. സ്ത്രീകളുടെ തൊഴിൽ,വരുമാന വർദ്ധനവിനായി സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പുറമെ സ്ത്രീകളുടെ ലേബർ ബാങ്ക്, വിപണന കേന്ദ്രങ്ങൾ,ലാബ് ടെക്നീഷ്യൻ കോഴ്സ് പാസ്സായിട്ടുള്ള വനിതകൾക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് അനുയോജ്യമായ പ്രോജക്ടുകൾ, സ്കൂളുകളിൽ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെൻഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട, ജൂഡോ, കരാട്ടെ, യോഗ എന്നിവയിൽ പരിശീലനങ്ങൾ നൽകൽ തുടങ്ങിയവയാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവ. മൃഗസംരക്ഷണ മേഖല, കാർഷികമേഖല എന്നിവയിൽ വനിതകൾക്കുള്ള സബ്സിഡി, വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ക്രമ നമ്പർ 11, 13 എന്നിവ പ്രകാരമുള്ള പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ സാംഗത്യം വ്യക്തമല്ല.

അപാകതയ്ക്ക് മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/6-7-22) മറുപടി നൽകിയിട്ടില്ല. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ

നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-38 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-21 ചെലവ് പത്രിക, വിവിധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ ലക്ഷ്യം കൈവരിയ്ക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 19-20 വർഷത്തിൽ സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ 20-21 വർഷവും നടപ്പിലാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

| പ്രോജ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 160/20-21 | താമരപ്പോയിൽ പുതുക്കോട്ട് താഴെ ഫുട്പാത്ത് പ്രവൃത്തി | 250000 | 200000 (ധനകാര്യകമ്മീഷൻ അവാർഡ്) തനത് ഫണ്ട്. |
| 163/20-21 | അരിപ്പകുളങ്ങര പറയരുകണ്ടി റോഡ് പ്രവൃത്തി | 297700 | മെ. ഫണ്ട് (റോഡ്) |
| 170/20-21 | പുതുക്കോട്ട് താഴെ പുതിയോട്ട് പാററോഡ് | 350000 | മെ. ഫണ്ട് (റോഡ്) |
| 173/20-21 | ആലേമ്പ്ര കുളിയപ്പോയിൽ | 464310 | മെ. ഫണ്ട് (റോഡ്) |

| | | | |
|---|---|---|---|
| | റോഡ് | | |
| 176/20-21 | കേളോത്ത് താഴെ ഫുട്പാത്ത് പ്രവൃത്തി | 200000 | മെ. ഫണ്ട് (റോഡ്) |
| 183/20-21 | നടുവണ്ണൂർ അങ്കണവാടി ടോയ് ലറ്റ് നിർമ്മാണം | 40000 | കേന്ദ്രാവിഷ്കൃത ഫണ്ട് (12000) തനത് ഫണ്ട് 28000 |
| 190/20-21 | മേപ്പങ്ങോട്ട് താഴെ കോക്കറപ്പാറ കനാൽറോഡ് പ്രവൃത്തി | 450000 | 350000 (ധനകാര്യകമ്മീഷൻ അവാർഡ്) തനത് ഫണ്ട്.(100000) |
| 191/20-21 | കല്ലിടുക്കിൽമുക്ക് കാവിൽ എ.എം.എൽ.പി.എസ് റോഡ് പ്രവൃത്തി | 250000 | മെ. ഫണ്ട് (റോഡ്) |

അതാത് വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആവുന്നതിന്റെയും ഇതേ പ്രോജക്ടുകൾ തുടർ വർഷങ്ങളിലും നടപ്പിലാക്കാത്തതിന്റെയും കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പ്രോജക്ടുകൾ സ്പിൽ ഓവർ ആവുകയും തുടർന്ന് ഉപേക്ഷിക്കുകയും ചെയ്യുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിങ് ഗ്രൂപ്പുകളുടെയും വിദഗ്ദരടങ്ങിയ സബ് കമ്മിറ്റികളുടയും രൂപീകരണം, ചുമതലകളും ഉത്തരവാദിത്തങ്ങളും എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം 162, 163, 164 വകുപ്പുകൾ പ്രകാരവും 2017-2022 കാലത്തെ 13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രോജക്ട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിങ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഓരോ മേഖലയിലെയും പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടത്. പദ്ധതികൾ നടപ്പിലാക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്

1-39 പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു

പ്രോജക്ട് നം /പേര് -180/20-21.

ചക്രകുളങ്ങര ചെമ്മലപ്പുറം റോഡ് റീടാറിംങ്(SO)

അടങ്കൽ - 364700 (ധനകാര്യകമ്മീഷൻ അവാർഡ്)

ബിൽ നം /തുക - 54/29-3-21 /364592

എം ബുക്ക് - 343/18-19

മേൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു. എഗ്രിമെന്റ് നം/48/ AE/LSGD/NDR/19-20 തി.18-2-20പ്രകാരം ശ്രീ.ഗിരീഷ് കുമാർ ഏറ്റെടുത്ത പ്രവൃത്തി മേൽ സൂചിപ്പിച്ച എം ബുക്ക് പ്രകാരം 13/5/20 ന് പൂർത്തിയാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് എസ്റ്റിമേറ്റിൽ 20 Mm ചിപ്പിംങ് കാർപ്പെറ്റ് ഉൾപ്പെടുത്താൻ വിട്ടുപോയതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നുള്ള എ.ഇ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുകയിൽ അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഭരണസമിതി അംഗീകാരം നൽകുന്നത് 18.5.20 ലെ 6(1) തീരുമാന പ്രകാരമാണ്. ജി.ഒ.(പി) 13/2012/PWD/1.12.2012 ലെ പൊതുമരാമത്ത് മാന്വൽ (1601.1.6) പ്രകാരം ഒരു പ്രവൃത്തി നടന്നു വരുമ്പോൾ അതിൽ എന്തെങ്കിലും ഒഴിവാക്കലുകളോ കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ ഉണ്ടാകുമ്പോഴും, യഥാർത്ഥത്തിൽ രൂപകല്പന ചെയ്തതിൽ നിന്ന് വലിയ ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകുമ്പോഴും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പണി പൂർത്തിയാകുന്നതുവരെയോ, പ്രവൃത്തി പരമാവധി പുരോഗതി കൈവരിക്കുന്നത് വരെയോ കാത്തിരിക്കേണ്ടതില്ല. മുകളിൽ പറഞ്ഞിരിക്കുന്ന രണ്ട് അവസ്ഥകളിൽ ഏതെങ്കിലുമുണ്ടാവുകയാണെങ്കിൽ ഉടൻ തന്നെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അനുമതി വാങ്ങുകയും വേണം. പഞ്ചായത്തിൽ എസ്റ്റിമേറ്റ് പുതുക്കിയ മേൽപ്രവർത്തി പരിശോധിച്ചാൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷമാണ് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് കാണാം. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനെ സംബന്ധിച്ചും, വ്യാപകമായി പുതുക്കുന്നതു സംബന്ധിച്ചും 26.3.2021ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ DB1/10690/ 2020/CE/LID&EW നമ്പർ സർക്കുലർ ഇവിടെ പ്രസക്തമാണ്. ചീഫ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും മേൽ അപാകതകൾ സംഭവിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്

1-40 ഭക്ഷണ വിതരണം പോലും നടത്താനാവാതെ അഗതിരഹിത കേരളം പ്രൊജക്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയായ അഗതിരഹിത കേരളം പ്രോജക്റ്റിന് നടുവണ്ണൂർ പഞ്ചായത്ത് ഉൾപ്പടെ കോഴിക്കോട് ജില്ലയിലെ 10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടംബശ്രീ എക്സിക്യൂട്ടീവ് ഡയറക്റ്ററുടെ ഉത്തരവ് നമ്പർ KS/L/513/19dt 29-1-19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം വാങ്ങിയ പദ്ധതിയിൽ 115കുടംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ 109 കുടുംബങ്ങൾ ആനുകൂല്യത്തിന് അർഹരായുണ്ട്. പ്രോജക്റ്റിന്റെ മൊത്തം അടങ്കൽ 30784697 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 2576997 രൂപയും വകയിരുത്തിയിട്ടുണ്ട്. വകയിരുത്തിയ ചലഞ്ച് ഫണ്ടിന്റെ ആദ്യഗഡുവായി അനുവദിച്ച 858999 രൂപയിൽ മുൻ ആശ്രയ പദ്ധതികൾക്ക് അനുവ ദിച്ചതുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന 163285 രൂപ കഴിച്ച് 695714 രൂപ മേൽ ഉത്തരവിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. 4.12.2020ൽ 858999 രൂപ രണ്ടാം ഗഡുവായും അനുവദിച്ചു. ചലഞ്ച് ഫണ്ട് വിനിയോഗിച്ച് അഗതി കുടുംബങ്ങൾക്ക് ഭക്ഷണ വിതരണം മാത്രമാണ് ഇതുവരെ നടന്നിട്ടുള്ളത്. ചലഞ്ച് ഫണ്ട് വിനിയോഗിക്കാവുന്ന ചികിത്സ, വിദ്യാഭ്യാസം എന്നിവ ആവശ്യമുള്ള കുടുബങ്ങൾ അഗതി രഹിത കേരളം പ്രോജക്റ്റിൽ ഉണ്ടെന്നിരിക്കെ ആയതിനൊന്നും തുക ചെലവഴിച്ചു കാണുന്നില്ല. ചലഞ്ച് ഫണ്ട് മൂനാംഗഡു ലഭ്യമാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ലഭ്യമാക്കി 2022 ഫെബ്രുവരി മാസം വരെ ഭക്ഷണ വിതരണം നടത്തിട്ടുണ്ടെങ്കിലും ഫെബ്രുവരിക്ക് ശേഷം ഭക്ഷണവിതരണം പോലും നടക്കുന്നില്ല. വിവിധ സേവനപരിചരണ പാക്കേജ് ആവശ്യമുള്ള കുടുംബങ്ങളിൽ ഭവനം ഇല്ലാത്ത 46 കുടുബങ്ങളിൽ 8 പേർക്ക് മാത്രമാണ് നാളിതുവരെ ഭവനം ലഭ്യമാക്കിയിരിക്കുന്നത്. ഭവന പുനരുദ്ധാരണം ആവശ്യമുള്ള 35 കുടംബങ്ങളിൽ 6 പേർക്കും ആനുകൂല്യം നൽകിയതായി കുടുംബശ്രീയിൽ നിന്നു അറിയിച്ചു, ഭൂരഹിതരായ 4 കുടുംബത്തിൽ ആർക്കും കിടപ്പാടം അനുവദിച്ചിട്ടില്ല.

പ്രോജക്റ്റ് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യം വെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 3 വർഷം പൂർത്തിയായിട്ടും ഭക്ഷണ വിതരണം മാത്രമെ പ്രധാനമായും നടപ്പിലാക്കി കാണുന്നുള്ളു. സ.ഉ.എം. എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമപരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതയി കാണുന്നില്ല. കിടപ്പാടംആവശ്യമുള്ള അഗതികൾക്ക് കിടപ്പാടം, കക്കൂസ്, വൈദ്യുതി, കുടിവെള്ളം എന്നീ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനും പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

അഗതിരഹിത കേരളം പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1)അഗതി രഹിത കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാപഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലും പദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തികാണുന്നില്ല.

2)ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോ മാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാമിഷൻ കോർഡിനേറ്റർക്ക് അയച്ചു നൽകേണ്ടതാണെങ്കിലും വിലയുരുത്തൽ സമിതി 15-11.21ന് ശേഷം നാളിതുവരെ യോഗം ചേർന്നിട്ടില്ല.

3)അഗതിരഹിത കേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിക്കഷിച്ചിട്ടുണ്ടെങ്കിലും അത്തരത്തിലൊരു ഉപസമിതി രൂപീകരിച്ചു കാണുന്നില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതോടൊപ്പം അഗതിരഹിത കേരളം ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനപരിചരണ പാക്കേജുകൾ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വിസ്തീർണ്ണത്തിനനുസൃതമായി വസതുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് 203,208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിലുമാണ് നികുതി

നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| | |
|---|---|
| വാർഡ് നമ്പർ | 10 |
| | |
| കെട്ടിട നമ്പർ | 252 A,B,C,D,E,F |
| | |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | അഹമ്മത്, ഇല്ലത്ത്,<br>നടുവണ്ണൂർ,673614 |
| | |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2020 ആദ്യ അർദ്ധ വാർഷികം |

| | | |
|---|---|---|
| തറ വിസ്തീർണം: 152.78 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
| ബാധകമാക്കിയ<br>നികുതി നിരക്ക്<br>40 രൂപ | ബാധകമാക്കേണ്ട<br>നികുതി നിരക്ക്<br>60 രൂപ | നഷ്ടം |

| ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | |
|---|---|---|
| 152.78*40= 6111<br>6111+1222=7333<br>7333+367= 7700/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 152.78*60= 9167<br>9167+1833=11000<br>11000+550= 11550/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2020-21<br>11550-7700<br>=3850/-<br>(3667 BT+ 183 LC) |
| ആകെ | | 3850/- രൂപ |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം പഞ്ചായത്തിന് നികുതി നഷ്ടം സംഭവിച്ചിരിക്കുന്നു. മേൽ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷത്തിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 2-2 കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല

ശ്രീ.റിഷാൻ.എച്ച്.ആർ എന്നിവരുടെ ഉടമസ്ഥതയിലുള്ള കൊമേർഷ്യൽ കെട്ടിടത്തിന് 2020-21 വർഷത്തിൽ നികുതി നിർണയിച്ച് നമ്പരിട്ട് നൽകിയിട്ടുള്ളതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് (നം B2/BA/199965/2018 തീയതി 06/04/2018) പ്രകാരമുള്ള അപ്രൂവ്ഡ് പ്ലാനിൽ നിന്നും അധികരിച്ച് നിർമ്മിച്ചതായി കംപ്ലീഷൻ പ്ലാനിൽ കാണുന്നു എന്നാൽ അധിക വിസ്തീർണത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നമ്പർ/ വിനിയോഗ ക്രമം | ഉടമസ്ഥന്റെ പേര്/ മേൽ വിലാസം | അപ്രൂവ്ഡ് പ്ലാനിലുള്ള വിസ്തീർണം (ച.മീ) | കംപ്ലീഷൻ പ്ലാനിലുള്ള വിസ്തീർണം (ച.മീ) | അധികരിച്ച് നിർമ്മിച്ച വിസ്തീർണം (ച.മീ) | ഈടാക്കേണ്ട ക്രമവത്കരണ ഫീസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 10/672<br>A To T<br>കൊമേർഷ്യൽ | ശ്രീ.റിഷാൻ.<br>എച്ച്.ആർ,<br>തയ്യുള്ളതിൽ,<br>വാകയാട്,<br>673614 | 1518.55 | 1785.18 | 266.63 | 5333<br>(266.63x10x2) |
| ആകെ | | | | | 5333 |

പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വൃദ്ധസദനം നവീകരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ്നം - 182/21(SO)

പ്രോജക്ടിന്റെ പേര്- വൃദ്ധസദനം നവീകരണം

അടങ്കൽ -100000

ഫണ്ട് - വി.ഫണ്ട് ( ധനകാര്യകമ്മീഷൻ അവാർ ഡ് ,

തനത്ഫണ്ട്)

ചെലവ് തുക - 73845

ബിൽനം -48/5.3.21 /68845

ചെക്ക് നം -5725062/31.3.21/5000 (തനത് ഫണ്ട്)

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വൃദ്ധസദനത്തിന്റെ നവീകരണത്തിന്റെ ഭാഗമായി ടൈൽവർക്ക്, പെയിന്റിംഗ്, ജനൽ, വാതിൽ എന്നിവ മാറ്റി സ്ഥാപിക്കൽ എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 46/AE/L.S.G.D/N.D.R/19-20 തി. 18.2.20 എഗ്രിമെന്റ് പ്രകാരം ശ്രീ.ലതീഷ് എസ്റ്റിമേറ്റ് നിരക്കിൽ (എസ്റ്റിമേറ്റ് തുക. 90000) പ്രവൃത്തി ഏറ്റെടുക്കുകയും M ബുക്ക്.63/18-19 പ്രകാരം 20.3.20ന് പ്രവൃത്തി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയായ പ്രസ്തുത കെട്ടിടം ഉപയോഗപ്പെടുത്താതെ നിഷ്ക്രിയ ആസ്തിയായി തുടരുന്ന സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഐറ്റം 12, പ്രകാരം സംരക്ഷണ പ്രവൃത്തികളിൽ ഉൾപ്പെട്ട പെയിന്റിങ്ങിന് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനമാണ് ഉൾപ്പെടുത്തിയിയത്. ചുമരുകളുടെ

പെയിന്റിംഗിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ 13.60.1 എന്നതാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതലോ കോട്ട് പെയിന്റ് ചെയ്യുന്നതിനുള്ളതാണ്. DAR ലെ അദ്ധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിംന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ M2 ന് 72.41/- രൂപയാകുമായിരുന്ന നിരക്ക്(കോസ്റ്റ് ഇൻഡക്സ് 31.06%) താരതമേന്യ കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് താഴെ ചേർക്കും പ്രകാരം അധിക ചെലവ് ഉണ്ടായിട്ടുണ്ട്. എംബുക്ക് പേജ് 20 പ്രകാരം 170.52 $M^2$ന് 110.68 രൂപ നിരക്കിൽ 18873.15 രൂപ അനുവദിച്ചിട്ടുണ്ട്. ഐറ്റം 14.53.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ 170.52 $M^2$ ന് 72.41 നിരക്കിൽ 12347.35 രൂപ മതിയായിരുന്നു. ഇപ്രകാരം 6526 രൂപ (18873.15- 12347.35) അധികം തുക കരാറുകാരന് അനുവദിച്ചതായി കാണുന്നു. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കിയ കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്ന സാഹചര്യം ഒഴിവാക്കേണ്ടതും കരാറുകാരന് അധികമായി അനുവദിച്ച 6526 രൂപ തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-2 പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം / -108/21. പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ് മറ്റ്

അറ്റകുറ്റപണികൾ

അടങ്കൽ തുക -400000

ഫണ്ട് -200000 (ധനകാര്യകമ്മീഷൻ അവാർഡ്)

200000 തനത്ഫണ്ട്,

ചെലവ് തുക - 399118

തനത്ഫണ്ട്,

ചെക്ക്നം 5725014/25.8.20 /199118

ധനകാര്യകമ്മീഷൻ അവാർഡ്

ബിൽനം . 35/11.11.20. 200000

കരാറുകാരൻ - ശ്രീ.സുനിൽകുമാർ

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ്, നെയിംബോർഡ് സ്ഥാപിക്കുക എന്നിവ ലക്ഷ്യം വച്ച് തയ്യാറാക്കിയ പ്രോജക്ട്. കരാറുകാരൻ ശ്രീ.സുനിൽകുമാർ എസ്റ്റിമേറ്റ് നിരക്കിൽ 02/AE/ LSGD/NDR/20-21 തി.30.6.20 എഗ്രിമെന്റ് പ്രകാരം പ്രവൃത്തി ഏറ്റെടുത്ത എം ബുക്ക് 43/19-20

പ്രകാരം 27.7.20 ന് പൂർത്തിയാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ സംരക്ഷണ പ്രവൃത്തികളിൽ ഉൾപ്പെട്ട പെയിന്റിങ്ങിന് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാരന് അനുവദിച്ചതായി കാണുന്നു. നിലവിലുള്ള കെട്ടിടങ്ങളുടെ പെയിന്റിംഗ് പ്രവൃത്തിക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ ഐറ്റം 13.60.1 എന്നതാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതലോ കോട്ട് പെയിന്റ് ചെയ്യുന്നതിനുള്ളതാണ്. നേരത്തെ നിലവിലുണ്ടായിരുന്ന ചുമരിൽ പ്രസ്തുത പെയിന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ M2 ന് 72.41/- രൂപയാകുമായിരുന്നു നിരക്ക്(കോസ്റ്റ് ഇൻഡക്സ് 31.06%)താരതമ്യേന കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവർത്തി ഇനം | അനുവദിച്ച തുക | അനുവദി ക്കേണ്ട തുക | അധിക ചെലവ് |
|---|---|---|---|
| 13.60.1 (1) എം.ബുക്ക് 43/19-20 | 1634.075 M2 X110.68 =180859.42 | 1634.075 M2x 72.41 =118323.37 | 180859-118323 62536 |

മേൽ സൂചിപ്പിച്ച പ്രകാരം അധിക നിരക്കിൽ കരാറുകാരന് തുക അനുവദിക്കാനിടയാക്കിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. കരാറുകാരന് അധികനിരക്കിൽ അനുവദിച്ച 62536 രൂപ തിരികെ ഈടാക്കാനുള്ള നടപടി കൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

നടുവണ്ണൂർ പഞ്ചായത്തിൽ 20-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ബിൽ തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഓഡിറ്റ് വർഷത്തെ | കരാറുകാരൻ, അഗ്രി. നമ്പർ, | ടി. എസ് പ്രകാരം | ഈടാ ക്കേണ്ട പിഴ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെലവ് | തിയ്യതി, എം. ബുക്ക് നമ്പർ | പ്രവർത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | |
| 1 | 157/20-21 പി.എച്ച്.സി അടിസ്ഥാന സൗകര്യ വികസനം | 679135 വി.ഫണ്ട് ബിൽ നം. 24/20-21 /25.8.20 | 43/AE/.L.S.G.D N.D.R/18- 19/.6 .3.19 Mbook. 332/ 18-19 Mbook. 326/ 18-19 | 6മാസം 6.3.19 24.12.19 | പി. എ. സി തുക 679135രൂപയുടെ (3%) 20374രൂപ |
| 2 | 181/20-21 എടവനപ്പുറം ഫുട്പാത്ത് രണ്ടാം ഘട്ടം | 496662. വി.ഫണ്ട്. ബിൽനം 25/25.8.20./ 72000 തനത് ഫണ്ട്. ചെക്ക്നം .5725016/ 24.8.20.424662. | 49/AE/.L.S.G.D N.D.R/19 – 20/.18.2.20 Mbook. 229/ 19-20 | 3 മാസം 18.2.20 18.7.20 | പി. എ. സി തുക 497658 രൂപ യുടെ (3%) രൂപ 14929 |
| | | | | ആകെ | 35303 |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത്

കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പിഴ ഇനത്തിലെ 35303 രൂപ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 30-06-2022 മുതൽ 07-07-2022 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2020-21 | 225000 | സമഗ്ര നെൽ | 225000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | കൃഷി വികസനം- 7/21 | | |
| | 2020-21 | 157000 | സുഫലം വിഷ രഹിതം- 11/21 | 157000 | 0 |
| | 2020-21 | 100000 | ലൈഫ് ഭവന പദ്ധതി- 13/21 | 100000 | 0 |
| | 2020-21 | 333000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്- 83/21 | 333000 | 0 |
| | 2020-21 | 400000 | ക്ഷീരഗ്രാമം (വനിത)- 129/21 | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 250000 | മിൽക്ക് ഇൻസെന്റീവ്- 12/21 | 250000 | 0 |
| | 2020-21 | 114142 | മിൽക്ക് ഇൻസെന്റീവ്- 128/21 | 114142 | 0 |
| | 2020-21 | 270000 | സമഗ്ര നെൽ കൃഷി വികസനം- 7/21 | 270000 | 0 |
| | 2020-21 | 120000 | ക്ഷീരഗ്രാമം വനിത- 130/21 | 120000 | 0 |
| | 2020-21 | 50875 | മുട്ട ഗ്രാമം- 196/21 | 50875 | 0 |
| | 2020-21 | 32905 | സുഫലം പച്ചക്കറി- 11/21 | 32905 | 0 |
| | 2020-21 | 90000 | ക്ഷീരഗ്രാമം വനിത- 116/21 | 90000 | 0 |
| | 2020-21 | 860000 | ലൈഫ് ഭവന | 860000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി- 13/21 | | |
| | 2020-21 | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്- 83/21 | 350000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വില്ലനിമല കോമൺ ഫെസിലിറ്റി സെന്ററിന് കുടിവെള്ളം ലഭ്യമാക്കൽ | | 10185 | യു.സി ലഭ്യമാക്കി | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,868,674 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ വരവ് | 139,948 |
| ആകെ | 2,008,622 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,008,622 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|
| കെ.ഡി.സി ബാങ്ക്, നടുവണ്ണൂർ | ലഭ്യമല്ല | ലഭ്യമല്ല | 2,008,622 |
| ആകെ | | | 2,008,622 |

## 4-6 വായ്പ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (കെ.യു.ആർ. ഡി.എഫ്.സി) | സ.ഉ.27/19, തീയ്യതി 22/2/2019 | ----- | 19,077,059 | 1,727,059 | 0 | 17,350,000 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | ഔദ്യോഗിക പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|---|
| 2018-19 | 3-3 | 9970 | രഞ്ചു സുരേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 120040100997 Dtd 03/07/2020 |
| 2018-19 | 3-3 | 9900 | രഞ്ചു സുരേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 120040101016 Dtd 03/07/2020 |
| 2018-19 | 3-3 | 4950 | രഞ്ചു സുരേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 120040101072 Dtd 03/07/2020 |
| 2018-19 | 3-3 | 6991 | രഞ്ചു സുരേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 120040101099 Dtd 03/07/2020 |
| 2018-19 | 3-2 | 6000 | രഞ്ചു സുരേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 120040101160 Dtd 03/07/2020 |
| 2018-19 | 3-2 | 9000 | രഞ്ചു സുരേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 120040101272 Dtd 03/07/2020 |
| 2018-19 | 2-1 | 9821 | രഞ്ചു സുരേന്ദ്രൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD | 120040101441 Dtd 03/07/2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | വർഷം | | |
| 1999-00 | 35 | 2003-04 | പൊതു പരാമർശം -5 | മൈത്രി ഭവന പദ്ധതി- വീട് നിർമ്മിച്ചത് സംബന്ധിച്ച രേഖകളില്ല. |
| 2000-01 | 2-5 | 2004-05 | പൊതു പരാമർശം -3 | നികുതിപിരിവിൽ അലംഭാവം - കുടിശ്ശിക പെരുകുന്നു |
| 1999-00 | - | 2003-04 | മറ്റ് പരാമർശം- 11.14 | പൂർത്തീകരിക്കാത്ത പദ്ധതികൾ |
| 2000-01 | - | 2003-04 | മറ്റ് പരാമർശം - 11.14 | ചെങ്ങോട്ടുപാറ – കിഴക്കോറ്റ കടവ് റോഡ് |
| 2000-01 | - | 2003-04 | മറ്റു പരാമർശം - 11.14 | എൽ.പി സ്കൂളിന് ലൈബ്രറി ബുക്ക് |
| 2008-09 | 3-9 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്ക് - കാലതാമസം. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ |
| 2018-19 | 2-7 | 2017-18 | | വാണിജ്യ കെട്ടിട പെർമിറ്റ് ഉപയോഗിച്ച് ആരാധനാലയം നിർമ്മിച്ചു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല.

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ | റവന്യൂ റിക്കവറി നടപടിയിലൂടെ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ബാധ്യ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | ഈടാക്കിയ തുക (തീയതി) | | | | | |
| | | | | നമ്പരും തീയതിയും | തുക | തീയതി | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | ത | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 30, 32, 33 | എം.സി.ചന്ദ്രൻ സെക്രട്ടറി(റിട്ട.) | എൽ.എഫ് LF2169/ സ്പെ.സെൽ/ എസ്. സി4/01/ 01.8.02, | 9531 | | - | - | - | - | - | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79150122 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 75346166 |
| വരവിനങ്ങളിലുള്ള നഷ്ടം | 9183 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 104365 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1172743 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 3667 | | ശ്രീ.ഷിജു.എൽ.എൻ<br>സെക്രട്ടറി |
| 2-2 | 5333 | | ശ്രീ.ഷിജു.എൽ.എൻ<br>സെക്രട്ടറി |
| 3-1 | | 6526 | ശ്രീമതി. രെഞ്ചു സൂരേന്ദ്രൻ<br>അസി. എഞ്ചിനീയർ |
| 3-2 | | 62536 | ശ്രീമതി. രെഞ്ചു സൂരേന്ദ്രൻ<br>അസി. എഞ്ചിനീയർ |
| 3-3 | | 35303 | ശ്രീമതി. രെഞ്ചു സൂരേന്ദ്രൻ<br>അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 400000 | ശ്രീ. മുരളീധരൻ.ഇ<br>ഹെഡ് മാസ്റ്റർ |
| 1-23 | 375000 | ശ്രീമതി. രാജലക്ഷ്മി.എ.ടി<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 99743 | ശ്രീമതി. ഡോ. ദീപ്തി<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-25 | 221000 | ശ്രീ.ഷിജു.എൽ.എൻ<br>സെക്രട്ടറി |
| 1-26 | 77000 | ശ്രീ.ഷിജു.എൽ.എൻ<br>സെക്രട്ടറി |
| ആകെ | 1172743 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

| ഖണ്ഡിക | ഗ്രന്ഥശാല വരി |
|---|---|
| 2-1 | 183/- രൂപ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നമ്പർ | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഷിജു.എൽ.എൻ സെക്രട്ടറി | സെക്രട്ടറി, നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | ഷിജു.എൽ.എൻ സെക്രട്ടറി, പുതുക്കുടി വീട്, പനങ്ങാട് പി.ഒ, 673616 |
| 2 | ശ്രീമതി. രെഞ്ചു സുരേന്ദ്രൻ അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | വൃന്ദാവനം, വട്ടോളി ബസാർ പി.ഒ, ബാലുശ്ശേരി |
| 3 | ശ്രീമതി. | ഐ.സി.ഡി.എസ് | ബാലപ്രഭ, |

| | | | |
|---|---|---|---|
| | രാജലക്ഷ്മി.എ.ടി ഐ.സി.ഡി.എസ് സൂപ്പർവൈസർ | സൂപ്പർവൈസർ നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | തൈവളപ്പിൽ, എലത്തൂർ- 673303 |
| 4 | ശ്രീ. മുരളീധരൻ.ഇ ഹെഡ് മാസ്റ്റർ | ലഭ്യമല്ല | എടവനപ്പുറത്ത്, നടുവണ്ണൂർ- 673614 |
| 5 | ശ്രീമതി. ഡോ. ദീപ്തി മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ (ആയുർവേദം) നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | ബി5, സ്പൈസ് അപ്പാർട്ട്മെന്റ്, ഈസ്റ്റ് ഹിൽ പി.ഒ, കോഴിക്കോട്- 673005 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി.10/ 236/12(6)/06.03.12 | 5 | 26, 28, 30, 32, 33 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(2)/02.06.12 | 2 | 51,54 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(3)/02.06.12 | 3 | 31, 34, 35 |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(4)/02.06.12 | 2 | 8,11 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1018/14(1)/30.08.14 | 2 | 2-1, 3-7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(5)/02.06.12 | 1 | 3-8 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(6)/02.06.12 | 1 | 3-6 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.10/ 866/12(8)/02.06.12 | 5 | 3-1, 3-6, 3-7, 3-15, 3-16 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1018/14(2)/30.08.14 | 9 | 2-1, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-15 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1018/14(3)/30.08.14 | 8 | 2-3, 3-1, 3-3, 3-5, 3-6, 3-7, 3-10, 3-11 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1018/14(4)/30.08.14 | 23 | 2-8, 2-10, 2-12, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14 A, 3-14 B, 3-15, 3-16 A, 3-16 B, 3-19, 3-22, 3-23, 3-24, 3-25, 3-28, 3-29. |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10/ 855/13/18.07.13 | 18 | 2-5,2-6,2-7,2-8, 2-9, 2-10, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9,3-10, 3-13, 3-15, 3-16, 3-18, 3-22, 3-23, 3-25, |

| | | | |
|---|---|---|---|
| | | | 3-26, |
| 2010-11<br>&<br>2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10/<br>11117/14/30.12.14 | 20 | 1-5, 1-6, 2-1, 2-3,<br>2-4, 3-2, 3-3,<br>3-6, 3-7, 3-8,<br>3-9, 3-10,<br>3-11, 3-12, 3-13,<br>3-14, 3-15, 3-16,<br>3-17. |
| 2012-13<br>&<br>2013-14 | എൽ.എഫ്.കെ.കെ.ഡി/പി.10/<br>2138/15/19.12.15 | 16 | 2-2, 2-3, 3-1,<br>3-2, 3-3, 3-7,<br>3-8, 3-6, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.10/<br>1055/16/15.06.16 | 12 | 2-1, 2-2, 2-3, 3-1,<br>3-2, 3-3, 3-4,<br>3-5, 3-6, 3-7, |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.10/<br>2045/16/21.11.16 | 19 | 2-1, 3-1 മുതൽ<br>3-9 വരെ,<br>3-11 മുതൽ 3-18<br>വരെ |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി.10/<br>1946/17 തീയതി16.02.2018 | 9 | 2-1(4), 3-3, 3-4,<br>3-9, 3-10, 3-11,<br>3-12, 3-13, 3-14 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി.1/<br>1261/21 തീയതി 06.01.2022 | 7 | 2-5, 2-6, 2-7, 3-1<br>(1,3,4), 3-5, 3-6,<br>3-8 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി.8/<br>1263/20 തീയതി27-01-2021 | 13 | 1-6(1,5), 1-8(a),<br>1-10 (3, 4, 5, 6),<br>1-11, 1-12, 1-13,<br>1-14, 1-18, 1-19,<br>1-21, 1-22, 1-24,<br>1-27 (1,2,4) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി.1/<br>44/22 തീയതി 02-02-2022 | 48 | 1-1 To 1-36, 2-1,<br>4-1 To 4-11 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്